കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്

## 2017-18

## ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)711/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ -680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തീയതി: 22.05.2019

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഭാഗം 3ലെ 3-4, 3-5, 3-13, 3-14, 3-20 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി4) 711/19 തീയതി.22.05.2019

# തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 11.07.2017 മുതൽ 31.08.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.03.2018 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.2.19 മുതൽ 2.3.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലത.എം.എൻ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | സുധ.ഇ.എൻ<br>അസി.ഓഡിറ്റ് ഓഫീസർ |
| | കെ.എം.ഷാജിത.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ഇദ്രീസ് അബ്ദുള്ള.എ.സി<br>ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പി.പത്മജ | 1.4.17മുതൽ 31.3.18 വരെ |
| സെക്രട്ടറി | ശ്രീ.എൻ.ഹരി കുമാർ | 1.4.17 (FN) മുതൽ 16.06.17 (AN) വരെ |
| | ശ്രീമതി. ഷീല.ഇ.എസ് | 16.06.17 (FN) മുതൽ 16.08.17 (AN) വരെ |
| | ശ്രീമതി.രോഹിണി.എംഎസ് (സെക്രട്ടറി ഇൻ ചാർജ്ജ്) | 16.08.17 (FN) മുതൽ 09.11.17 (AN) വരെ |
| | ശ്രീ.വൈ.അനസ് | 09.11.17(FN) മുതൽ 18.01.18 (AN) വരെ |
| | ശ്രീമതി.രോഹിണി.എംഎസ് (സെക്രട്ടറി ഇൻ ചാർജ്ജ്) | 19.01.18 മുതൽ 24.01.18 വരെ |
| | ശ്രീമതി.അജില.യു.എസ് | 25.01.18 മുതൽ 31.03.2018 വരെ |

**നിർവ്വഹണോദ്യോഗസ്ഥർ:**

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി.രോഹിണി.എംഎസ് | 1.4.17 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | അജി.കെ.എ | 1.4.17 മുതൽ 31.03.18 വരെ |
| അസി.എഞ്ചിനീയർ | അജയകുമാർ.പി.കെ | 1.4.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | ഡോ.സുരേഷ്.എ.വി | 1.4.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.സിന്ദു ജോസഫ് | 1.4.17 മുതൽ 3.7.17 വരെ,21.7.17 മുതൽ |

| | | |
|---|---|---|
| | | 18.3.18 വരെ |
| | ഡോ.മനോജ്.വി.തോമസ് | 4.7.17 മുതൽ 21.7.17 വരെ |
| | ഡോ.ഷീജ മേനോൻ | 19.3.18 മുതൽ 31.3.18 വരെ |
| വി.ഇ.ഒ(നെട്ടമ്പുര സർക്കിൾ) | ജ്യോതി .എൻ.എൻ | 1.4.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ (ചെറുത്തുരുത്തി സർക്കിൾ) | ശ്രീ. ഷൺമുഖൻ | 1.4.17 മുതൽ 20.07.17 FN വരെ |
| | ശ്രീ. നൗഷാദ് | 20.07.17 AN മുതൽ 31.3.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.പി.ബി.പത്മജ | 1.4.17 മുതൽ 3.06.17 FN വരെ |
| | ഡോ.ഗുണതീത | 03.06.17 AN മുതൽ 31.3.18 വരെ |
| ഐ.സി.ഡി.എസ്, സൂപ്പർവൈസർ | ശ്രീമതി.ആനി.എൽ ആർ | 1.4.17 മുതൽ 19.5.17 FN വരെ |
| | ശ്രീമതി.സരസ്വതി. കെ.കെ | 19.5.17 AN മുതൽ 27.6.17 FN വരെ |
| | ശ്രീമതി.ആനി.എൽ ആർ | 27.6.17 AN മുതൽ 26.8.17 FN വരെ |
| | ശ്രീമതി.റോസ് മോൾ. | 26.8.17 AN |

| | | |
|---|---|---|
| | എംഎസ് | മുതൽ 11.9.17 FN വരെ |
| | ശ്രീമതി.സൗമ്യ.ടിപി | 11.9.17 AN മുതൽ 14.12.17 FN വരെ |
| | ശ്രീമതി.വസുമതി .കെ.ബി | 14.12.17 AN മുതൽ 31.3.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഗിരിജ | 1.4.17 മുതൽ 23.11.17 FN വരെ |
| | ശ്രീ.മഹേഷ് കുമാർ | 23.11.17 AN മുതൽ 31.3.18 വരെ |
| ഹെഡ്മിസ്ട്രസ്, | ശ്രീമതി.ബീന.എൻ | 1.4.17 മുതൽ 31.5.17 വരെ |
| | ശ്രീമതി.ഷെറിൻ ഡേവിഡ് | 1.6.17 മുതൽ 3.7.17 വരെ |
| | ശ്രീമതി.ജമീല.ടി | 4.7.17 മുതൽ 18.7.17 വരെ |
| | ശ്രീമതി.സാവിത്രി.സി.എ | 19.7.17 മുതൽ 31.3.18 വരെ |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം-1 | ഖണ്ഡിക |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |
| 13 | ക്രിമറ്റോറിയം ബൈലോ ഏർപ്പെടുത്തിയിട്ടില്ല. | 2-1 |
| 14 | ഡി&ഒ ലൈസൻസ് -അപാകതകൾ | 2-2 |
| 15 | രാജിയാക്കൽ ഫീസ് കുറവ് ഈടാക്കി | 2-3 |
| 16 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-4 |
| 17 | വാടക സംബന്ധിച്ച അപാകതകൾ | 2-5 |
| 18 | ലേല നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. | 2-6 |
| 19 | തനത് ഫണ്ട് ഒന്നിൽ കൂടുതൽ അകൗണ്ടുകളിൽ സൂക്ഷിക്കുന്നു, ഡേ ബുക്കുകൾ സക്ഷ്യപ്പെടുത്തുന്നില്ല. | 2-7 |
| | ഭാഗം-3 | |
| 20 | പൊതുടാപ്പുകൾ -സംയുക്തപരിശോധന താമസംവിനാ പൂർത്തീകരിക്കേണ്ടതാണ്. | 3-1 |
| 21 | മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-2 |
| 22 | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്സ്.ചെറുതുരുത്തി നടപ്പിലാക്കിയ പദ്ധതികൾ- മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവ് തുക 1,61,380/-രൂപ തടസ്സപ്പെടുത്തുന്നു | 3-3 |
| 23 | അധിക തറവിസ്തൃതിയിൽ ഭവനനിർമ്മാണം -2016-17ൽ അനുവദിച്ച ധനസഹായം തിരികെ ഈടാക്കുന്നതിനു പകരം ധനസഹായ തുക പൂർണ്ണമായി അനുവദിച്ചു | 3-4 |
| 24 | ഉറവിട മാലിന്യ സംസ്കരണ പദ്ധതി- IRTC യിൽ നിന്നും ബയോഗ്യാസ് പ്ലാന്റുകൾ നേരിട്ട് | 3-5 |

| | | |
|---|---|---|
| | വാങ്ങി-2016-17 ൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം 2017-18 ലും ആവർത്തിച്ചിരിക്കുന്നു. | |
| 25 | തെരുവു വിളക്ക് പരിപാലനം-വ്യക്തമായ കണക്കുകളില്ലാതെ തുക ചെലവഴിക്കുന്നു-പ്രൊജക്ടുകൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല. | 3-6 |
| 26 | ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്കുള്ള ആദ്യഗഡു നൽകൽ-ആദ്യഗഡു കൈപ്പറ്റി തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടില്ല. | 3-7 |
| 27 | എസ്.സി.പഠന മുറി-ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനിർമ്മാണ അനുമതി ഇല്ലാതെ പഠനമുറി നിർമ്മിച്ചു | 3-8 |
| 28 | യുവജനങ്ങൾക്ക് സ്പോർട്സ് കിറ്റ് - ക്ലബ്ബുകളുടെ രജിസ്ട്രേഷൻ ഹാജരാക്കിയില്ല. | 3-9 |
| 29 | എസ്.എസ്.എ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക 5,00,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. | 3-10 |
| 30 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ-അംഗീകാരം ലഭ്യമാക്കേണ്ടതും സ്ഥാപനത്തിനായി വാങ്ങിയ ഉപകരണങ്ങൾ കൈമാറേണ്ടതുമാണ്. | 3-11 |
| 31 | പ്രൊജക്ടിലുൾപ്പെടുത്തിയ തുകയേക്കാൾ അധികമായി ബ്ലോക്ക് വിഹിതം പൂർണ്ണമായും ചെലവഴിച്ചു. | 3-12 |
| 32 | വികലാംഗർക്ക് മുച്ചക്ര വാഹനം-ഒരു വാഹനം നാളിതുവരെ വിതരണം ചെയ്തിട്ടില്ല. | 3-13 |
| 33 | മാലിന്യസംസ്കരണം- പ്രൊജക്ടുകൾ ഫലപ്രാപ്തി കൈവരിക്കുന്നില്ല. | 3-14 |
| 34 | എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ നിർമ്മിച്ച വാട്ടർ കിയോസ്കുകൾ - പാഴ് ചെലവായി | 3-15 |
| 35 | വിഭവ സ്രോതസിൽ തനതുഫണ്ട് രേഖപ്പെടുത്തി ആസൂത്രണസമിതിയുടെ അംഗീകാരം നേടിയ പ്രോജക്ട് വിഭവസ്രോതസ് മാറ്റി നടപ്പാക്കിയത് മാർഗ്ഗരേഖയ്ക്കു വിരുദ്ധം | 3-16 |
| 36 | കോഴിമാംപറമ്പ് കുംഭാരകോളനി കുടിവെള്ള പദ്ധതി ,ലക്ഷ്യം കൈവരിച്ചില്ല | 3-17 |
| 37 | മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു | 3-18 |
| 38 | പൊതുമരാമത്ത് പ്രവൃത്തികളിലെ നിർവ്വഹണത്തിലെ പോരായ്മകൾ | 3-19 |
| 39 | മൃഗാശുപത്രി കെട്ടിടം പണി പാതിവഴിയിൽ | 3-20 |

| | | |
|---|---|---|
| 40 | വിവിധ പ്രവൃത്തികൾക്കായി കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 3-21 |
| 41 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ- പൊതു പരാമർശങ്ങൾ | 3-22 |
| | ഭാഗം-4 | |
| 42 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 43 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 45 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 47 | ഓഡിറ്റ് റിക്കവറി | 4-6 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 51 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 52 | അനുബന്ധം -2-ഓഡിറ്റ് സംക്ഷിപ്തം | |

# ഭാഗം 1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 സാമ്പത്തികവർഷത്തെ ബജറ്റ് 27.03.2017 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 2017-18 വർഷം 27.02.2018 തിയ്യതിയിലെ 12(1)-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കുകയും അതു പ്രകാരം ആകെ വരവ് 12,74,08,019/- ഉം ആകെ ചെലവ് 12,46,45,478 /-ഉം ബാലൻസ് 27,62,541/- ഉം ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.18 | 6.6.18 | 7.6.18 | 16.6.18 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് തീയതി |
|---|---|---|
| 2017-18 | 27.06.18 & 28.06.18 | നം.കെ.എസ്.എ ടി.എസ്.ആർ.(ഇ3) -1150/18 (86) 06.07.2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5848294.30 |
| വരവ് | 70100068 |
| ആകെ | 75948362.30 |
| ചെലവ് | 72615610 |
| നീക്കിയിരിപ്പ് | 3332752.30 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (40b) പ്രകാരം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 13228324 | 13228324 | 13094652 | 133672 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 5399700 | 5399700 | 5078000 | 321700 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 65973 | 65973 | - | 65973 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 12179744 | 12179744 | 11318617 | 861127 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 2857000 | 2857000 | 2705544 | 151456 |
| സെന്ററൽ ഫിനാൻസ് കമ്മീഷൻ കമ്മീഷൻ ഗ്രാന്റ് | | 0 | 6050698 | 6050698 | 5903612 | 147086 |
| കെ.എൽ.എസ്.ജി.ഡി.പി ACR പ്രകാരം | | 0 | 234602 | 234602 | 234602 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 25011948 | 25011948 | 25011948 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1418860 | 1418860 | 1414248 | 4612 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ICDS | | 137467 | 775257 | 937724 | 343280 | 594444 |
| വിമുക്തി | | 0 | 12500 | 12500 | 0 | 12500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1924403 | 1924403 | 1924403 | 0 |
| | ജില്ല പഞ്ചായത്ത് | 0 | 1850000 | 1850000 | 1752606 | 97394 |
| തൊഴിൽ രഹിത വേതനം | | 0 | 48600 | 48600 | 48600 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 17021800 | 17021800 | 17021800 | 0 |
| അവിവാഹിത പെൻഷൻ | | 0 | 1194000 | 1194000 | 1194000 | 0 |
| കർഷക തൊഴിലാളി പെൻഷൻ | | 0 | 3142800 | 3142800 | 3142800 | 0 |
| വിധവ പെൻഷൻ | | 0 | 15547200 | 15547200 | 15547200 | 0 |
| വികലാംഗ പെൻഷൻ | | 0 | 3633000 | 3633000 | 3633000 | 0 |
| വിവാഹ ധനസഹായം | | 0 | 330000 | 330000 | 330000 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | | 0 | 159000 | 159000 | 159000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 8541000 | 8541000 | 8541000 | 0 |
| തനത് ഫണ്ട് | എസ്.ബി.ഐ | 3920286 | 17100230 | 21020516 | 18521104 | 2499412 |
| | കനറാ ബാങ്ക് | 57268 | 1648 | 58916 | 58916 | 0 |
| | കോ-ഓപറേറ്റീവ് ബാങ്ക് | 744653 | 5485991 | 6230644 | 517891 | 1055753.45 |
| | ട്രഷറി അകൗണ്ട് | 55569 | 0 | 55569 | 0 | 55569 |
| STSB | | 791660 | 9070163 | 9861823 | 10247411 | 385588 |
| JV STSB | | 0 | 3905946 | 3905946 | 3808552 | 97394 |
| മറ്റിനം | SBI-MPLADS | 3746 | 381908 | 385654 | 380054 | 5600 |
| | SBI PENSION A/C | 10557 | 12 | 10569 | 10569 | 0 |
| | TDCB | 2597 | 2597 | 5194 | 5194 | 0 |
| | MGNREGS | 0 | 1437379 | 1437379 | 1432767 | 4612 |

തനതു ഫണ്ട് അക്കൗണ്ടിലെ നീക്കിയിരിപ്പിൽ 2017-18 വാർഷിക കണക്കിലെ B4 പത്രികയിലെ ഗ്രാന്റ്സ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക്കേഷൻ പർപ്പസ് ഇനത്തിലെ 59,200/- രൂപയും, ഹരിതകേരളം ശീർഷകത്തിൽ 4,81,518/- രൂപയും, ഗുണഭോക്തൃ വിഹിതമിനത്തിൽ 52,091/- രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം.

2017-18 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 161 | 69466459 | 126 | 45549639 | 5 | 32 | 92 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1418860 | 1418860 | 1414248 | 4612 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25011948 | 25011948 | 25011948 | 0 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 48600 | 104 |
| കർഷകതൊഴിലാളി പെൻഷൻ | 3142800 | 248 |
| വിധവാപെൻഷൻ | 15547200 | 1301 |
| വാർദ്ധക്യകാലപെൻഷൻ | 17021800 | 1357 |
| വികലാംഗപെൻഷൻ | 3633000 | 309 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 1194000 | 99 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 330000 | 11 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.03.2019 തീയതിയിൽ 3pmന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 74,284/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

.

സ്ഥാപനത്തിൽ പുതിയ വരവിനങ്ങൾ സ്വരൂപിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ഒരു തലത്തിലും ചർച്ചകൾ നടത്തിയിട്ടില്ല. ജനറൽ കമ്മിറ്റി മിനിറ്റ്സുകൾ ഭംഗിയായി പരിപാലിച്ചിട്ടുണ്ട്. കാര്യാലയത്തിലെ ഓരോ ജീവനക്കാരനും ചെയ്യേണ്ട ജോലികൾ വ്യക്തമായി രേഖപ്പെടുത്തി ജോലി വിഭജിച്ച നൽകിയിട്ടുണ്ടെങ്കിലും രജിസ്റ്ററുകൾ, രേഖകൾ പരിപാലിക്കുന്നതിൽ

മേൽനോട്ടക്കുറവിന്റെ അഭാവമുണ്ട്. പദ്ധതി രൂപീകരണത്തിന്റെ ആദ്യപടിയായ സ്റ്റാറ്റസ് റിപ്പോർട്ടുകൾ കൃത്യമായി തയ്യാറാക്കിയിട്ടില്ല. സംസ്ഥാനഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട്, തൊഴിലുറപ്പ്പദ്ധതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് എന്നിവ ഗ്രാമസഭകളിൽ ചർച്ച ചെയ്യേണ്ടതുണ്ട്. വർക്കിങ് ഗ്രൂപ്പ് യോഗങ്ങളിൽ വികസന കാഴ്ച്ചപ്പാടുകൾ പ്രതിഫലിക്കുന്ന തരത്തിൽ തീരുമാനങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല. ഇവ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചതായി മിനിസ്റ്റിൽ യാതൊരു രേഖപ്പെടുത്തലുമില്ല. ആസ്തി രജിസ്റ്റർ കാലികമായി സൂക്ഷിച്ചാൽ അവയുടെ സമയബന്ധിതമായ പരിപാലനത്തിനും സമയോചിതമായി പുതിയപദ്ധതികൾ ആവിഷ്കരിക്കാനും വളരെ പ്രയോജനപ്പെടുന്നതാണ്. പൊതുടാപ്പുകളുടെ സംയുക്തപരിശോധനനടത്തി എണ്ണം തിട്ടപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നത് വെള്ളക്കരമിനത്തിലെ അധികബാധ്യത ഒഴിവാക്കാൻ സഹായിക്കുന്നതാണ്. ആയതിനോടൊപ്പം തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന കൂടി നടത്തുന്നത് വ്യക്തതയുള്ള കണക്കുകളില്ലാതെ തെരുവു വിളക്കുകൾക്കു വേണ്ടി തുക വിനിയോഗിക്കുന്നത് ഭാവിയിൽ ഒഴിവാക്കാൻ സഹായിക്കുന്നതാണ്.

# 1-11 മറ്റു ഓഡിറ്റുകൾ നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-02-2019 & 22-02-2019 | 1/2019 | 28-02-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-06-2015 | 2010-11, 2012-13(Supplimentary) 2014-15 | 01-12-2015 |

# 1-12 വാർഷികകണക്കിലെ അപാകതകൾ

1. SBT തനതു ഫണ്ട് 31.03.18-ലെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ directly credited by bank 20,048/- രൂപ 24.11.17-ൽ കാണുന്നു. വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.
2. ട്രഷറി തനത് ഫണ്ട് VPFA-1-2, (നീക്കിയിരിപ്പ് തുക - 55,569/- രൂപ) അക്കൗണ്ടിന്റെ പാസ്സ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
3. വസ്തു നികുതി പരിശോധന

3(എ). സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം തയ്യാറാക്കിയ വസ്തുനികുതി കുടിശ്ശിക ഡി.സി.ബി. കണക്കുകളും സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരം തയ്യാറാക്കിയ കുടിശ്ശിക കണക്കുകളും തമ്മിൽ വ്യത്യാസം കാണുന്നു.

<u>റസിഡൻഷ്യൽ - അരിയർ</u>

| | സാംഖ്യ | സഞ്ചയ | റിമാർക്സ് |
|---|---|---|---|
| കുടിശ്ശിക ഡിമാന്റ് 31.3.17-ലെ | 5,88,229 | 2,78,001 | സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരം 3,10,228/- രൂപ കുടിശ്ശികയുള്ളത് സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| ബാലൻസ് ഷീറ്റ് പ്രകാരം | | | 3,10,228/- രൂപ കുടിശ്ശിക ഡിമാന്റിൽ കുറവു വന്നിരിക്കുന്നു. |
| കളക്ഷൻ | 2,78,001 | 2,78,001 | |
| ബാലൻസ് 31.03.18-ലെ ബാലൻസ് ഷീറ്റ് പ്രകാരം | 0 | 0 | |

<u>നോൺ റസിഡൻഷ്യൽ -അരിയർ</u>

| | സാംഖ്യ | സഞ്ചയ | |
|---|---|---|---|
| ഡിമാന്റ് 31.03.17-ലെ ബാലൻസ് ഷീറ്റ് പ്രകാരം | ഇല്ല | 163277 | സാംഖ്യ കണക്കുകൾ പ്രകാരം കുടിശ്ശിക ഇല്ലായിരുന്നു. സഞ്ചയ കണക്കുകൾ പ്രകാരം 1,63,277/- രൂപ കുടിശ്ശിക ഡിമാന്റ് |
| കളക്ഷൻ | 160232 | 161660 | |
| ബാലൻസ് 31.03.18-ലെ ബാലൻസ് ഷീറ്റ് പ്രകാരം | 1699 | 1617 | |

3(ബി) വാർഷിക കണക്ക് 1-18 ഷെഡ്യൂളിൽ prior period income-property tax on residential building എന്ന ഹെഡ്ഡിൽ 128706.9 രൂപയും prior period income- property tax on non residential building 1,49,950/- രൂപയും കാണുന്നു. ആയതിന്റെ ലെഡ്ജർ പരിശോധിച്ചതിൽ യഥാക്രമം 1,42,029/- രൂപയും 1,63,272/- രൂപയും ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു. അതായത്, 3,05,301/- രൂപ കുടിശ്ശിക ഡിമാന്റിൽ കുറവു ചെയ്തതായാണ് കാണുന്നത്. ആയതു സംബന്ധിച്ച പഞ്ചായത്തു കമ്മിറ്റി തീരുമാനവും മറ്റു വിശദാംശങ്ങളും ഹാജരാക്കിയിട്ടില്ല.

4. വാർഷിക കണക്കിനൊപ്പമുള്ള ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നെറ്റ് ക്യാഷ് ജനറേറ്റഡ് തുകയും, വർഷാരംഭത്തിലേയും വർഷാവസാനത്തേയും ക്യാഷ് & ക്യാഷ് ഇക്വാലന്റ് തുകകളുടെ വ്യത്യാസവും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള net cash generated = (-) 84,66,334/-

വർഷാരംഭത്തിലേയും വർഷാവസാനത്തേയും ക്യാഷ് & ക്യാഷ് ഇക്വാലന്റ് തുകകളുടെ വ്യത്യാസം = -(-) 25,15,542/-

5. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച പത്രിക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ക്രിമറ്റോറിയം ബൈലോ ഏർപ്പെടുത്തിയിട്ടില്ല.

1998ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ)ചട്ടങ്ങൾ, ചട്ടം 12 പ്രകാരം ഗ്രാമ പഞ്ചായത്തിലെ ക്രിമറ്റോറിയത്തിന് ബൈലോ ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ ക്രിമറ്റോറിയം പ്രവർത്തിപ്പിക്കുന്നതിന് ഇതേ ചട്ടങ്ങളിലെ ചട്ടം 6പ്രകാരം ജില്ലാ കലക്ടറുടെ ലൈസൻസും ആവശ്യമാണ്. എന്നാൽ പഞ്ചായത്തിലെ ക്രിമറ്റോറിയത്തിന് സർക്കാർ അംഗീകരിച്ച ബൈലോ നിലവിലുണ്ടോ എന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(5/27.02.2019)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബൈലോ നിലവിൽ ഇല്ലായെങ്കിൽ ബൈലോ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീരിക്കേണ്ടതാണ്.

ക്രിമറ്റോറിയവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ, ചട്ടം 9 പ്രകാരം തയ്യാറാക്കേണ്ടതാണ്. കളക്ടറുടെ അനുമതി ലഭ്യമായിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-2 ഡി&ഒ ലൈസൻസ് -അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2017-18 ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ നിരവധി അപേക്ഷകൾ സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ കാണുന്നില്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുന്നു.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം, മുൻ വർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നല്കേണ്ടതാണ്

ലൈസൻസിനുള്ള ചില അപേക്ഷകളിലെങ്കിലും ഒരു ദിവസത്തെ വിറ്റു വരവ് കാണിക്കുന്ന കോളത്തിൽ കുറവ് സംഖ്യ രേഖപ്പെടുത്തുന്നുണ്ട്. ഉദാ.ലൈസൻസ് നമ്പർ 365, ഇ.സി ജോസ് ഇടക്കളത്തൂർ. 1000 ച.മീറ്ററിൽ സിമന്റ്, കമ്പി, പൈപ്പ്, ഷീറ്റ് എന്നിവ സ്റ്റോക്ക് ചെയ്ത് വിൽപ്പന നടത്തുന്നതിനുള്ള അപേക്ഷയിൽ 500/- രൂപ മാത്രമാണ് ഒരു ദിവസത്തെ വിറ്റുവരവ് കാണിച്ചിരിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ ആവശ്യമായ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

പഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ പടപ്പ് ഇവന്റ് മാനേജ്മെന്റ്(4/43), ഭാരത് പന്തൽ വർക്ക്സ് (4/44) എന്നീ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ലാത്തതാണ്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-3 രാജിയാക്കൽ ഫീസ് കുറവ് ഈടാക്കി

2017-18 ലെ എ2-2348/23.3.18 നമ്പർ അപേക്ഷ പ്രകാരം അജിത്ത് കുമാർ & ധന്യ കിനാശ്ശേരി (വീട്) എന്നവരുടെ ഉടസ്ഥതയിൽ ഉള്ള കെട്ടിടത്തിന് നമ്പർ അനുവദിച്ചതിൽ പെർമിറ്റിൽ കവിഞ്ഞ് നിർമാണം നടത്തിയിട്ടുള്ള 24.05 ച.മീ ന് 24 രൂപ മാത്രമാണ് രാജിയാക്കൽ ഫീസായി ഈടാക്കിയിട്ടുള്ളത് .

കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചടങ്ങൾ,2011 ലെ ചട്ടം 137(4) പ്രകാരം കെട്ടിട ക്രമവൽക്കരണത്തിനുള്ള രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ്. ഇതിൻ പ്രകാരം 144 രൂപ ഈടാക്കേണ്ടതായിരുന്നു. ഫീസ് ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-4 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ക്ഷീരോൽപാദക സംഘം (3ാം വാർഡ്) | 1&2 |
| 2. | വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ, ചെറുത്തുരുത്തി | 1&2 |
| 3. | ഗുരു ട്യൂട്ടോറിയൽ, ചെറുത്തുരുത്തി | 1&2 |
| 4. | റോയൽ നഴ്സിംങ് ഇൻസ്റ്റിറ്റ്യൂട്ട്, ചെറുത്തുരുത്തി | 1&2 |
| 5 | സൂര്യ കോളേജ്, നെടുംമ്പുര | 1&2 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.7/27.02.2019).

# 2-5 വാടക സംബന്ധിച്ച അപാകതകൾ

1)പഞ്ചായത്തിന്റെ വരുമാന മാർഗങ്ങളിൽ പ്രധാനമായ കെട്ടിടങ്ങളുടെ വാടക സംബന്ധിച്ച് പുതുക്കിയ ബൈലോ നിലവിലില്ല. ബൈലോ തയ്യാറാക്കി അംഗീകാരത്തിനായി സർക്കാരിനയക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) വാടക കരാറുകളിൽ വാടകയ്ക്ക് നൽകിയ കെട്ടിടത്തിന്റെ നമ്പർ, കരാർ കാലാവധി, വാടകക്കാരന്റെ പേര് എന്നീ വിവരങ്ങൾ ചേർക്കുന്നില്ല.

3)വാടക കരാർ, വാടകക്കാരനും സെക്രട്ടറിയും തമ്മിലുള്ള ഉടമ്പടിയാണെന്നിരിക്കെ പല കരാറുകളിലും വാടകക്കാരനും, സെക്രട്ടറിയും സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

4)വാടകക്കാരിൽ നിന്നും മുൻകൂർ ഈടാക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(8/27.2.19)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-6 ലേല നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

28.10.2017 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം (അജണ്ട-6) ഗവൺമെന്റ് എൽ.പി സ്കൂളിലെ കേട് വന്ന ഉപകരണങ്ങൾ ലേലം ചെയ്യുന്നതിന് പ്രധാന അദ്ധ്യാപികയെ ചുമതലപ്പെടുത്തി കൊണ്ട് തീരുമാനിച്ചിരുന്നു. എന്നാൽ ലേല വിവരങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ട കൊണ്ട് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(13/01.03.2019)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 തനത് ഫണ്ട് ഒന്നിൽ കൂടുതൽ അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നു, ഡേ ബുക്കുകൾ സക്ഷ്യപ്പെടുത്തുന്നില്ല.

സർക്കുലർ നമ്പർ 58725/ എഫ്.എം3 2008/ ത.സ്വ.ഭ.വ /26.5.11 അനുസരിച്ച് തനത് ഫണ്ട് ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ ഉള്ള ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം എന്നും ഇതിനായി ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് നിലനിർത്തരുത് എന്നും നിർദ്ദേശമുണ്ട്. എന്നാൽ വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത് താഴെ പറയുന്ന അക്കൗണ്ടുകളിൽ തനത് ഫണ്ട് നിക്ഷേപിക്കുന്നതായി കാണുന്നു.

| ക്രമ നം | ബാങ്കിന്റെ പേര് | അക്കൗണ്ട് നം |
|---|---|---|
| 1 | ചെറുതുരുത്തി സർവീസ്- കോ-ഓപ്പറേറ്റീവ് ബാങ്ക് | 7200 |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 67075779569 |

ഇക്കാര്യം മുൻ ഓഡിറ്റ് റിപ്പോർട്ടിലും സൂചിപ്പിച്ചിട്ടുള്ളതാണ്. ഏതെങ്കിലും ഒരു ബാങ്ക് അക്കൗണ്ടിൽ മാത്രം തനത്ഫണ്ട് നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കുലർ നമ്പർ 48544/എ.ബി.1/13/ത.സ്വ.ഭ.വ. തിയ്യതി 22.04.2014 പ്രകാരം സാംഖ്യ ഉപയോഗിച്ച് അക്കൗണ്ടിങ്ങ് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളിൽ, ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവ അതാതു ദിവസങ്ങളിൽ പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതും ആയത് എല്ലാ ദിവസങ്ങളിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. റദ്ദാക്കിയ എല്ലാ രശീതികളും റദ്ദാക്കിയ രശീതികളുടെ റിപ്പോർട്ടും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

# ഭാഗം-3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുടാപ്പുകൾ -സംയുക്തപരിശോധന താമസംവിനാ പൂർത്തീകരിക്കേണ്ടതാണ്.

1. പൊതുടാപ്പുകൾ

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ കണക്കുപ്രകാരം 329 പൊതു ടാപ്പുകൾ ഉണ്ട്. ആയതിന് പ്രതിമാസം 1,43,938/- രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. ഇത് പഞ്ചായത്തിന് അമിത ബാധ്യതയാകുമെന്നതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ജല അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും വെള്ളക്കരം ക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ (സാധാരണ) നം.1275/09/ ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് 2008ൽ നടന്ന സംയുക്ത പരിശോധനയിൽ ലഭിച്ച കണക്ക് പ്രകാരമാണ് 329 ടാപ്പുകളുടെ വാട്ടർ ചാർജ്ജ് അടക്കുന്നതെന്നും വീണ്ടും സംയുക്തപരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചു. (ഓഡിറ്റ് അന്വേഷണം നം.3/27.02.2019)

2. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക് കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജി.ഒ(എം.എസ്)നം.72/2017/തസ്വഭവ തിയതി 29-3-2017, ജി.ഒ (എം.എസ്)നം.80/2017/ത.സ്വ.ഭ.വ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

2. കുടിവെള്ള പദ്ധതികളുടെ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല

2017-18 സാമ്പത്തികവർഷം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും അടവാക്കി വരുന്നു. ഗ്രാമപഞ്ചായത്തിൽ ഏകദേശം 15 ൽ പരം കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്. അവയുടെ കറന്റ് ചാർജ്ജിനത്തിൽ 2017-18 സാമ്പത്തികവർഷം 3ലക്ഷം രൂപയോളം അടച്ചിട്ടുണ്ട്. ജി.ഒ(ആർ.ടി)3065/2016 ത.സ്വ.ഭ.വ തിയതി 10.11.16 പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ ഗുണഭോക്താക്കളായ കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾ, ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചിട്ടുള്ള കുടിവെള്ളപദ്ധതികൾ, ഗുണഭോക്തൃകമ്മിറ്റി അംഗങ്ങൾ എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്തൃസമിതി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം ഗ്രാമപഞ്ചായത്തിന് ഏറ്റെടുത്ത് നടത്താവുന്നതും കുടിവെള്ള പദ്ധതി ഗുണഭോക്താക്കളിൽ നിന്ന് വാട്ടർ ചാർജ് പിരിക്കാവുന്നതുമാണ്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് കുടിവെള്ള പദ്ധതികൾ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ശേഖരിക്കേണ്ടത് അത്യാവശ്യമാണ്. രജിസ്റ്റർ തയ്യാറാക്കി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-2 <u>മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മൊത്തം 3ലക്ഷം രൂപ നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനം നാളിതുവരെ മരുന്നുകളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.(ഓഡിറ്റ് അന്വേഷണം.18/01.03.2019).

| പ്രൊജക്ട് നം./പേര് | പ്രൊഫോർമ ഇൻവോയ്സ് നം/ തിയതി.തുക | ചെക്ക്നം./തി.തുക |
|---|---|---|
| 1.പദ്ധതി നം.21/28<br>പെയിൻ&പാലിയേറ്റീവ് പദ്ധതി | PRF-2977 തി. 15.12.17 തുക-192841/- | ചെക്ക്നം.8207081തി.06.02.18 തുക -200000/- |
| | PRF-652തി.15.12.17 തുക-7159 | |
| 2.പദ്ധതി നം.22/18<br>പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ<br>- | PRF-2762തി.9.12.17 തുക-50000/- | ചെക്ക്നം.5163731 തി.14.02.18 തുക-100000/- |
| | PRF-520 തി.9.12.17 തുക-50000/ | |
| | | |

# 3-3 <u>ഹെഡ്മിസ്ട്രസ്,ജി.എൽ.പി.എസ്സ്.ചെറുതുരുത്തി നടപ്പിലാക്കിയ പദ്ധതികൾ -മാർഗ്ഗരേഖക്ക്</u>

# വിരുദ്ധമായ ചെലവ് തുക 1,61,380/-രൂപ തടസ്സപ്പെടുത്തുന്നു

1.പ്രൊജക്ട് നം.124/18, പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം.
ട്രഷറി ബിൽ നം. 1/17-18, തിയതി 14-02-2018 തുക 1,00,000/-

ടി.പദ്ധതി പ്രകാരം, നിയമപരമായ ടെണ്ടർ നടപടികളിലൂടെ സഫാരി ട്രേഡിംഗ് കമ്പനി, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും സൈക്കിൾ ഒന്നിന് 4,435/-രൂപ നിരക്കിൽ 23എണ്ണം വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. അതിൽ 16 വിദ്യാർത്ഥികൾ 8 ാം ക്ലാസ്സിലും, 7വിദ്യാർത്ഥികൾ 7 ാം ക്ലാസ്സിലുമാണ് പഠിക്കുന്നത്. സർക്കാർ ഉത്തരവ് നം.(എം.എസ്)80/2017/ത.സ്വ.ഭ.വ തിയ്യതി. 03/04/2017 ഖണ്ഡിക 11.8 (5)പ്രകാരം 8, 9, 10 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. മാർഗ്ഗരേഖയിൽ നിന്നും വിരുദ്ധമായി ഏഴാം ക്ലാസ്സിൽ പഠിക്കുന്ന 7 വിദ്യാർത്ഥികൾക്ക് നൽകിയ സൈക്കിളിന്റെ വിലയായ 31,045/-രൂപ തടസ്സപ്പെടുത്തുന്നു.

2.പ്രൊജക്ട് നം.178/18, എസ്. സി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം.
ട്രഷറി ബിൽ നം. 3/17-18 തിയതി 23-02-2018 തുക 1,30,000/-

ടി.പദ്ധതി പ്രകാരം, നിയമപരമായ ടെണ്ടർ നടപടികളിലൂടെ സഫാരി ട്രേഡിംഗ് കമ്പനി, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും സൈക്കിൾ ഒന്നിന് 4,485/-രൂപ നിരക്കിൽ 29എണ്ണം വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. അതിൽ 18 വിദ്യാർത്ഥികൾ 8 ാം ക്ലാസ്സിലും, 11വിദ്യാർത്ഥികൾ 7 ാം ക്ലാസ്സിലുമാണ് പഠിക്കുന്നത്. സർക്കാർ ഉത്തരവ് നം.(എം.എസ്)80/2017/ത.സ്വ.ഭ.വ തിയ്യതി. 03/04/2017 ഖണ്ഡിക 11.8 (5)പ്രകാരം 8, 9, 10 ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാവുന്നതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. മാർഗ്ഗരേഖയിൽ നിന്നും വിരുദ്ധമായി ഏഴാം ക്ലാസ്സിൽ പഠിക്കുന്ന 11 വിദ്യാർത്ഥികൾക്ക് നൽകിയ സൈക്കിളിന്റെ വിലയായ 49,335/-രൂപ തടസ്സപ്പെടുത്തുന്നു.

3.പദ്ധതി നം.150/18, ശലഭ ഉദ്യാനം

ചെലവ് -80,000/- ട്രഷറി ബിൽ നം.2/17-18 തി.28.02.18

ടി.പദ്ധതിയുടെ ഭാഗമായി ജി.എൽ.പി.എസ്സ്. ചെറുതുരുത്തി, എം.വി.എം.എൽ.പി.എസ്സ്, നെടുംപുര, എസ്സ്.എൻ.ടി.ടി.ഐ. ചെറുതുരുത്തി, എ.യു.പി.എസ്സ്.പള്ളിക്കൽ എന്നീ 4 സ്കൂളുകൾക്ക് 20,000/-രൂപ വീതം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ്.(എം.എസ്സ്)നം.72/2017/ത.സ്വ.ഭ.വ. തിയ്യതി.29/03/2017 പതിമൂന്നാം) പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി 2017-2018 തയ്യാറാക്കൽ – മാർഗ്ഗ നിർദ്ദേശങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്ത പദ്ധതിയാണിത്. ടി പദ്ധതി നടപ്പിലാക്കിയത് ഏതെങ്കിലും പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിലാണെങ്കിൽ ആയത് ഹാജരാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നു. (നം.11/01-03-2019) വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുക 80,000/-രൂപ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം. 11/17-18. തിയതി 01-03-2019).

# 3-4 അധിക തറവിസ്തൃതിയിൽ ഭവനനിർമ്മാണം -2016-17ൽ അനുവദിച്ച ധനസഹായം തിരികെ ഈടാക്കുന്നതിനു പകരം ധനസഹായ തുക പൂർണ്ണമായി അനുവദിച്ചു

2016-17 സാമ്പത്തികവർഷം നടപ്പാക്കിയ പ്രൊജക്ടിന്റെ വിശദാംശങ്ങൾ (ഓഡിറ്റ് റിപ്പോർട്ട് 2016-17

ഖണ്ഡിക 3-5)

നിർവ്വഹണം-വി.ഇ.ഒ

പ്രൊജക്റ്റ് – ഭവനനിർമ്മാണം (വനിത) സ്പിൽ ഓവർ - S 003/17

2015-16 സാമ്പത്തികവർഷത്തിലെ പ്രൊജക്റ്റ് നം.22/15-16 സമ്പൂർണ്ണ ഭവനനിർമ്മാണം (വനിത) പദ്ധതിയുടെ ഗുണഭോക്താവായ ഹൈറുന്നീസ, പറത്തൊടിയിൽ, ചെറുതുരുത്തി എന്നവർക്ക് താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

ഡിഡി.നം.743526/13.10.15 തുക-20,000/-

ഡിഡി.നം.745379/23.11.15 തുക-40,000/-

ഡിഡി.നം.210016/5.2.16 തുക-40,000/-

ഡിഡി.നം.210832/15.3.16 തുക-50,000/-

ആകെ -150000/-

2016-17 സാമ്പത്തികവർഷം ഭവനനിർമ്മാണ പ്രോജക്റ്റിലെ ഗുണഭോക്താക്കൾക്ക് അവസാനഗഡു അനുവദിക്കുന്നതിനായി സ്പിൽ ഓവറായി പ്രോജക്റ്റ് തയ്യാറാക്കുകയും (S003/17) ഗുണഭോക്താക്കൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ ഗുണഭോക്താവ് അവസാനഗഡു ലഭിക്കുന്നതിനായി 17.10.16 ൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും, ഭവനനിർമ്മാണം വ്യവസ്ഥകൾക്ക് വിരുദ്ധമായി നടത്തി എന്ന് ഫീൽഡ് പരിശോധന നടത്തി ബോദ്ധ്യപ്പെട്ടതിനാൽ തുക അനുവദിക്കാൻ സാധിക്കുകയില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥ ഭരണസമിതിയെ 27.12.16ൽ രേഖാമൂലം അറിയിക്കുകയുണ്ടായി. എന്നാൽ ഭരണസമിതിയുടെ 21.3.17ലെ 20(8) തീരുമാനപ്രകാരം ഭവനനിർമ്മാണം 2016 ജനവരിയിൽ പൂർത്തീകരിച്ചിട്ടുള്ളതും, ആയത് സർക്കാർ ഉത്തരവ് നം.(കൈ)2008/16 തിയതി 28.6.16, ഉത്തരവ് നം.110/16 ത.സ്വ.ഭ.വ തിയതി 6.8.16 എന്നീ ഉത്തരവുകൾക്ക് അനുസൃതമായിട്ടുള്ളതും പഞ്ചായത്തിന്റെ രേഖകൾ പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കെട്ടിട വിസ്തൃതി നിശ്ചിത മാനദണ്ഡങ്ങൾക്കുള്ളിലും ആണെന്നും ആയതിനാൽ അവസാനഗഡു 50,000/- രൂപ അനുവദിക്കുന്നതിനായി നിർവ്വഹണോദ്യോഗസ്ഥയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 2016-17 സാമ്പത്തികവർഷം ഗുണഭോക്താവിന് തുക അനുവദിച്ചിട്ടില്ല.

2016-17 സാമ്പത്തികവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 17.7.17 ൽ മേല്പറഞ്ഞ ഭവനം ഭൗതിക പരിശോധന നടത്തുകയുണ്ടായി. നിർവ്വഹണോദ്യോഗസ്ഥ രേഖാമൂലം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തിയ വിവരങ്ങൾ അതായത് വീടിന് മുകൾനില കൂടി പണിത് ഏകദേശം 1500 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള ആഡംബരം നിറഞ്ഞ കെട്ടിടമാണെന്ന് നേരിൽ ബോദ്ധ്യപ്പെടുകയുണ്ടായി.



ഈ വിഷയത്തിൽ താഴെ പറയുന്ന വിവരങ്ങൾ കൂടി ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തുന്നു.

1. 14.9.15 ലെ no.B4-5189/15 നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണം 64 m2 ആണ്.

2. 1.2.16 ൽ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചത് പ്രകാരം കെട്ടിടത്തിന്റെ താഴത്തെ നിലയ്ക്ക് കെട്ടിടനം.14/358A നൽകി (വിസ്തീർണ്ണം73.9m2 )444/- രൂപ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.

ആയതു പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ ഗുണഭോക്താവ് കെട്ടിടത്തിന്റെ മുകൾനില പണിയുകയും, ആയതിന് വസ്തുനികുതി അടവാക്കുകയും ചെയ്യുന്നില്ല.കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണ്ണം പരിശോധനാവിധേയമാക്കി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്. കൂടാതെ വ്യവസ്ഥകൾക്ക വിരുദ്ധമായി അധികവിസ്തൃതിയിൽ ഭവനനിർമ്മാണം പൂർത്തീകരിച്ച ഗുണഭോക്താവിൽ നിന്നും അനുവദിച്ച ധനസഹായം തിരികെ ഈടാക്കേണ്ടതാണ്.

<u>2017-18 ൽ നടപ്പാക്കിയ പ്രൊജക്ടിന്റെ വിശദാംശങ്ങൾ</u>

പ്രൊജക്ട് നം-2/18 (സമ്പൂർണ്ണ ഭവനനിർമ്മാണം (വനിത) സ്പിൽ ഓവർ –
അടങ്കൽ 50,000/-(തനത് ഫണ്ട്)
ചെലവ്- ട്രഷറി ചെക്ക് നം-1909964/6.2.18 തുക -50,000/-
ഗുണഭോക്താവ്-ഹൈറുന്നിസ, പറത്തൊടിയിൽ, ചെറുതുരുത്തി
അക്കൗണ്ട് നം-00210360002399

പ്രൊജക്ടിന്റെ രൂപീകരണം - ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരം (2/9.6.17 തീരുമാനം), ഭരണസമിതിയുടെ 1/9.6.17 തീരുമാനപ്രകാരം ഭരണാനുമതി, 11/29.6.17 ലെ വെറ്റിംഗ് ഓഫീസറുടെ അനുമതി എന്നിവ പ്രൊജക്ടിന് ലഭിച്ചിട്ടുണ്ട്. സാധാരണക്കാരായ ജനങ്ങൾക്ക് വാസയോഗ്യമായ ഭവനനിർമ്മാണത്തിന് അനുവദിക്കേണ്ട വികസനഫണ്ട് ഇപ്രകാരം ആഡംബരപൂർണ്ണമായ കെട്ടിടം നിർമ്മിക്കുന്നവർക്ക് അനുവദിക്കുന്നത് സാമൂഹ്യനീതിയ്ക്ക് നിരക്കാത്തതാണ്. സർക്കാർ മാനദണ്ഡങ്ങൾ എല്ലാവർക്കും ഒരു പോലെ ബാധകമാക്കുന്ന തരത്തിൽ പ്രൊജക്ടുകൾ നടപ്പാക്കുന്നതാണ് സുതാര്യമായ ഭരണം നടപ്പാക്കുന്നു എന്നതിന്റെ അടിസ്ഥാനവും.

ഗുണഭോക്താവ് അവസാനഗഡുവിന് അപേക്ഷിക്കുന്ന സമയത്തും, കെട്ടിട നമ്പർ നൽകുമ്പോഴും തറവിസ്തൃതി അധികരിച്ചിരുന്നില്ലെന്നും, അതിനാൽ തന്നെ ഗുണഭോക്താവിന് അവസാനഗഡുവിന് അർഹതയുണ്ടെന്ന വാദമാണ് ഓഡിറ്റിന്റെ എക്സിറ്റ് യോഗത്തിൽ ബന്ധപ്പെട്ടവർ അറിയിച്ചത്.

ഗുണഭോക്താവ് സർക്കാർ നിയമങ്ങളെ വകവെക്കാതെ പണിത ഭവനനിർമ്മാണം അധികതറവിസ്തൃതിയിലാണ് എന്നറിഞ്ഞിട്ടും ഓഡിറ്റ് റിപ്പോർട്ടിൽ അക്കാര്യം ചൂണ്ടിക്കാണിച്ചിട്ടും ആയത് പരിഗണിക്കാതെ ഗുണഭോക്താവിന് തുക അനുവദിക്കാൻ തീരുമാനമെടുത്ത ഭരണസമിതി അംഗങ്ങളിൽ നിന്നും മേൽ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഇപ്രകാരം അർഹതയില്ലാത്ത ഗുണഭോക്താവിന് തുക അനുവദിക്കാൻ വേണ്ടി മാത്രമാണ് 2017-18 സാമ്പത്തികവർഷം മേൽ പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ വസ്തുത നിലനിൽക്കെ വിവരാവകാശ ഫയൽ പരിശോധനയിൽ കെ.മാലതി, ഇരട്ടക്കുളത്തിങ്കൽ, ചെറുതുരുത്തി എന്നവരുടെ വിവരാവകാശ നിയമപ്രകാരമുള്ള 9.5.17 ലെ 3414 നമ്പർ അപേക്ഷയിൽ ഭവനപുനരുദ്ധാരണസഹായത്തിനുള്ള അപേക്ഷ നൽകിയിട്ടും 2016-17 ൽ ധനസഹായം ലഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ടി വ്യക്തിയുടെ വീടിന്റെ ചുമരുകൾക്ക് വിള്ളൽ വന്നതായും, മേൽക്കൂര ഓടുകൾ നീങ്ങിയിട്ടുള്ളതിനാൽ മഴ പെയ്താൽ ചോരുകയാണെന്നും വീട് അപകടാവസ്ഥയിലാണെന്നും രേഖപ്പെടുത്തികാണുന്നു. ആയതിനു മറുപടിയായി 10.5.17 ലെ സെക്രട്ടറിയുടെ ബി-4/2993/17 കത്തു പ്രകാരം 2017-18 ൽ അപേക്ഷ പരിഗണിക്കുന്നതാണെന്ന് അറിയിച്ചിരുന്നു. എന്നാൽ വി.ഇ.ഒ നിർവ്വഹണം നടത്തിയ വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ (എസ്.സി) 30 ഗുണഭോക്താക്കൾക്ക് 1,00,000/- രൂപ വീതം അനുവദിച്ചെങ്കിലും മേൽപറഞ്ഞ ലിസ്റ്റിൽ ഇവരെ ഉൾപ്പടുത്തിയിട്ടില്ല.ഓഡിറ്റ് എൻക്വയറി നം.33/5.3.19 ന് നൽകിയ മറുപടിയിൽ 2019-20 ലേക്കുള്ള ഗുണഭോക്തൃലിസ്ററിൽ ഇവരെ ഉൾപ്പെടുത്തിയതായി അറിയിച്ചു.

ഗ്രാമസഭകളിലൂടെ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളിൽ അർഹരായവർ മാത്രം ആനുകൂല്യങ്ങൾ കൈപ്പററുന്നു എന്നുറപ്പ് വരുത്തേണ്ടതാണ്. ഭരണസമിതി ഇക്കാര്യത്തിൽ കാര്യക്ഷമത പുലർത്തേണ്ടതാണ്.

# 3-5 ഉറവിട മാലിന്യ സംസ്കരണ പദ്ധതി- IRTC യിൽ നിന്നും ബയോഗ്യാസ് പ്ലാന്റുകൾ നേരിട്ടു വാങ്ങി-2016-17 ൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം 2017-18 ലും ആവർത്തിച്ചിരിക്കുന്നു.

2016-17 പ്രൊജക്ട് -(ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക- 3-15)

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ട്രഷറി ബിൽ നം. 26/8-3-17 Rs.4,98,750/-

പ്രോജക്റ്റ് നം. 23/17

മേൽ പദ്ധതിക്കായി ആദ്യം 20,57,500/- രൂപ അടങ്കലുള്ള പദ്ധതി തയ്യാറാക്കി അംഗീകാരം നേടുകയും, (പ്ലാൻ ഫണ്ട് – 5,00,000/- + ശുചിത്വ മിഷൻ ഫണ്ട് – 10,00,000/-+ഗുണഭോക്തൃ വിഹിതം – 5,57,500/-) 1m$^3$& 0.5m$^3$ FRP Biogas plant with water jacket എന്നതിന് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ഇതിൽ 0.5m$^3$ ന് ലഭിച്ച നിരക്കുകൾ താഴെ ചേർക്കുന്നു.

RAIDCO - 8,380/-

Impact Enterprises -10,300/-

Innovative Fibre Products -8,500/-

Emarald Enterprises -7,812/-

Kerala Agro Industries Corporation -9,975/-

മേൽ സ്ഥാപനങ്ങൾക്കെല്ലാം ശുചിത്വ മിഷൻ അംഗീകാരം ഉള്ളവയാണ്. എന്നാൽ പിന്നീട് ഫണ്ട് അനുവദിക്കാനാകില്ലെന്ന് ശുചിത്വ മിഷൻ അറിയിച്ചതിനാൽ അടങ്കലിൽ മാറ്റം വരുത്തുകയും 9,97,500/- രൂപയുടെ പുതുക്കിയ പ്രോജക്റ്റിന് അംഗീകാരം നേടുകയും ചെയ്തു. തുടർന്ന് 0.5m$^3$ ബയോഗ്യാസ് യൂണിറ്റൊന്നിന് 10,500/- രൂപ നിരക്കിൽ IRTC യുമായി കരാറിൽ ഏർപ്പെടുകയുമാണുണ്ടായത്. മുൻപ് ടെണ്ടറിൽ രേഖപ്പെടുത്തിയ അതേ സ്പെസിഫിക്കേഷനിലുള്ള പ്ലാന്റുകൾ തന്നെയാണ് ഉയർന്ന നിരക്കിൽ IRTC യിൽ നിന്നും വാങ്ങിയിരിക്കുന്നത്. 2016-17 വർഷത്തിൽ 95 എണ്ണത്തിന് മേൽ പ്രകാരം 4,98,750/- രൂപ IRTC ക്ക് അഡ്വാൻസായി നല്കി. ശുചിത്വ മിഷൻ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റായ 10,500/- രൂപയേക്കാൾ കുറഞ്ഞ നിരക്കിൽ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളിൽ നിന്നും പ്ലാന്റുകൾ ലഭ്യമാകുമെന്നിരിക്കെ ഉയർന്ന നിരക്കിൽ IRTC യിൽനിന്നും വാങ്ങിയതുവഴി താഴെ പറയുംപ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

Emarald Enterprises ന്റെ നിരക്ക് പ്രകാരം

95 എണ്ണത്തിന് 50% തുക - 7812x95x50%=3,71,070/-

IRTC ക്ക് നല്കിയത് - 10500x95x50%=4,98,750/-

അധികം നല്കിയത് - 1,27,680/-

മേൽപ്രകാരം 1,27,680/- രൂപ ഈ പദ്ധതിക്കായി അധികം ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ നിലവിലുള്ള പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം 20 ലക്ഷത്തിനു മുകളില്ലുള്ള പർച്ചേസുകൾക്ക് ഇ-ടെണ്ടർ ക്ഷണിക്കേണ്ടതിനുപകരം ടെണ്ടർ പരസ്യം നല്കിയ നടപടി തെറ്റാണെന്ന് ബോധ്യപ്പെട്ടതുകൊണ്ടാണ് ടെണ്ടർ റദ്ദാക്കിയതെന്നാണ് അറിയിച്ചത്. എന്നാൽ പിന്നീട് അടങ്കലിൽ മാറ്റം വരുത്തിയപ്പോൾ ഇ-ടെണ്ടർ/ടെണ്ടർ നടത്താമായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്യാതെ IRTC യിൽനിന്നും നേരിട്ട് വാങ്ങുകയായിരുന്നു. ആയതിനാൽ നല്കിയ മറുപടി സ്വീകാര്യമല്ല. നഷ്ടം വന്ന തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽനിന്ന് തിരികെ ഈടാക്കേണ്ടതാണ്.

<u>2017-18</u>

ട്രഷറി ബിൽ നം-3/28.6.17 തുക-2,13,750/-
ചെക്ക് നം-1909976/16.3.18-2,85,000/-(ഗുണഭോക്തൃവിഹിതം )
മേൽ പ്രകാരം 2016-17 ലെ ബാലൻസ് തുക IRTC യ്ക്ക്അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തികവർഷത്തിൽ അധികമായി നൽകിയ അതേ തുക തന്നെ വീണ്ടും അനുവദിച്ചതിനാൽ 1,27,680/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-6 <u>തെരുവു വിളക്ക് പരിപാലനം-വ്യക്തമായ കണക്കുകളില്ലാതെ തുക ചെലവഴിക്കുന്നു-പ്രൊജക്ടുകൾ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല.</u>

2017-18 സാമ്പത്തികവർഷം തെരുവു വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്ന 2 പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

**1.<u>സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (173/18)</u>**

**2.ഹൈമാസ്റ്റ് റിപ്പയർ (176/18)**

**1. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (173/18)**

ട്രഷറി ബിൽ നം-52/23.3.18 തുക- 7,71,000/-

ട്രഷറി ബിൽ നം-54/26.3.18 തുക- 1,17,192/-

ആകെ <u>8,88,192/-</u>

2017-18 സാമ്പത്തികവർഷം എഡിസൺ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും 864 സി.എഫ്.എൽ (2*11 w automatic) വാങ്ങിയിട്ടുണ്ട്. 2017-18 ൽ 600 എണ്ണം സ്ഥാപിച്ചതായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രൊജക്ടുമായി ബന്ധപ്പട്ട് സൂക്ഷിക്കേണ്ട താഴെ പറയുന്ന രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല.

എ)തെരുവു വിളക്ക് രജിസ്ററർ പരിപാലിച്ചിട്ടില്ല.

തെരുവുവിളക്കുകളുടെ ഇനം, എണ്ണം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഓരോ വാർഡിലും സ്ട്രീറ്റ് ലൈൻ ഉള്ള സ്ഥലങ്ങളിലെ പോസ്റ്റുകളുടെ നമ്പർ, അവയിൽ ഫിറ്റ് ചെയ്തിട്ടുള്ള തെരുവു വിളക്കിന്റെ ഇനം എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

ബി) വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രപ്രകാരം പഴയവ മാറ്റി പുതിയവ സ്ഥാപിച്ചു എന്നാണ് രേഖപ്പെടുത്തികാണുന്നത്. ആയത് തിരികെ ഗ്രാമപഞ്ചായത്തിൽ എത്തിച്ചിട്ടുണ്ടെന്ന് എക്സിററ് യോഗത്തിൽ ബന്ധപ്പെട്ടവർ അറിയിക്കുകയുണ്ടായി. എന്നാൽ പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുമ്പോൾ ഒരു സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കേടായ സാധനങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷം അവസാനം ഇപ്രകാരമുള്ള Stock in Register ഉം Stock out Register ഉം റീക്കൺസൈൽ ചെയ്യുന്നവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതും സംബന്ധിച്ച സ.ഉ.(സാധാ)നം.2134/2015/ ത.സ്വ.ഭ.വ തീ. 15.05.2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

സി) വിവിധ വാർഡുകളിൽ സ്ഥാപിക്കേണ്ടതായ സി.എഫ്.എൽ സംബന്ധിച്ച് പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തി ഭരണസമിതി തീരുമാനമെടുത്തതായോ, പ്രസ്തുത തീരുമാനം കെ.എസ്.ഇ.ബിക്ക് നൽകിയതായോ, കെ.എസ്.ഇ.ബി യുടെ അനുമതി പത്രമോ, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല.

ഡി.) തെരുവു വിളക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 864 എണ്ണം സി.എഫ്.എൽ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വാർഡ് മെമ്പർമാർ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൈപ്പറ്റിയ സി.എഫ്.എൽ ന്റെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. തെരുവുവിളക്ക് വിതരണം ചെയ്യുന്നതും സ്ഥാപിക്കുന്നതും എഡിസൺ ഇലക്ട്രോണിക്സ് ആയതിനാൽ സി.എഫ്.എൽ വാർഡ് മെമ്പർമാർ കൈപ്പററിയതിന്റെ ആവശ്യകത വ്യക്തമല്ല.

ഇ) കെ.എസ്.ഇ.ബി ഡിമാന്റ് നോട്ടീസിൽ 1093 എണ്ണം ഓർഡിനറി ബൾബുകൾക്ക് നിലവിലും തുക ഈടാക്കി വരുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിലവിൽ സാധാരണബൾബുകൾ ഇല്ലാത്തതാണെന്ന് എക്സിറ്റ് യോഗത്തിൽ ജനപ്രതിനിധികൾ അറിയിക്കുകയുണ്ടായി. തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി നിലവിലില്ലാത്ത ബൾബുകൾക്ക് തുക അടവാക്കുന്നത് ഒഴിവാക്കേണ്ടതും, ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതുമാണ്.

അപാകതകൾ പരിഹരിക്കേണ്ടതും ആവശ്യമായ രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. കെ.എസ്.ഇ.ബി യുടെ അനുമതി പത്രം, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നതു വരെ ചെലവുതുക 8,88,192/-രൂപ തടസ്സപ്പെടുത്തുന്നു.

**2.<u>ഹൈമാസ്ററ് റിപ്പയർ</u>(<u>176/18</u>)**

ട്രഷറി ബിൽ നം-36/28.2.18 തുക-49,560/-

മേൽബിൽ പ്രകാരമുള്ള തുക 2 ഹൈമാസ്ററ് ലൈറ്റ് റിപ്പയർ ചെയ്യതിന് ഇലക്ട്രിക് കൺട്രോൾസ്, കൊച്ചി എന്ന സ്ഥാപനത്തിന് അക്കൗണ്ട്സ് ട്രാൻസ്ഫർ മുഖേന അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ആകെയുള്ള ഹൈമാസ്ററുകൾ സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. കൂടാതെ മേൽ പ്രൊജക്ട് പ്രകാരം റിപ്പയർ ആവശ്യമുള്ള ഹൈമാസ്റ്റ് സംബന്ധിച്ച ഭരണസമിതി തീരുമാനം, റിപ്പയർ ചെയ്ത ഹൈമാസ്റ്റിന്റെ പോസ്ററ് നമ്പർ, സ്ഥലം എന്നിവ വ്യക്തമാക്കുന്ന രേഖകളൊന്നും തന്നെ പ്രൊജക്ടിനൊടൊപ്പം സൂക്ഷിച്ചിട്ടില്ല. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 49,560/- തടസ്സപ്പെടുത്തുന്നു.

ആകെ തടസ്സപ്പെടുത്തിയ തുക-888192 +49560 = 9,37,752/-

(ഓഡിറ്റ് എൻക്വയറി നം- 20/2.3.19)

# 3-7 ലൈഫ് ഭൂമിയുള്ള ഭവനരഹിതർക്കുള്ള ആദ്യഗഡു നൽകൽ-ആദ്യഗഡു കൈപ്പറ്റി തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടില്ല.

നിർവ്വഹണം-വി.ഇ.ഒ.

ലൈഫ് മിഷന്റെ 17.3.18ലെ life/lf2/511/17 കത്തു പ്രകാരം ലൈഫ് മിഷൻ ഭവനനിർമ്മാണത്തിനായി ആദ്യ ഗഡു 40,000/- രൂപ അനുവദിക്കാമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. എസ്.സി വിഭാഗത്തിൽ 4 പേർക്കും, ജനറൽ വിഭാഗത്തിൽ 22 പേർക്കും 40,000/- രൂപ അഡ്വാൻസായി അനുവദിച്ചിട്ടുണ്ട്. ആയതിൽ ആദ്യഗഡു കൈപ്പററിയതിനു ശേഷം തുടർപ്രവർത്തനങ്ങൾ സ്വീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| | ഗുണഭോക്താവ് | തുക | കൈപ്പററിയ തിയതി |
|---|---|---|---|
| പ്രൊജക്ട് നം-188/18- (എസ്.സി ) | അമ്മിണി, ആനപ്പാറ ഹൗസ് | 40000 | 24.3.18 |
| പ്രൊജക്ട് നം.-189/18 ജനറൽ | ഫാത്തിമ മൊയ്തു, തെക്കേക്കര | 40000 | 23.3.18 |
| | ഖദീജ മുഹമ്മദ്, മനയ്ക്കൽപാടത്ത് | 40000 | 23.3.18 |
| | പ്രീത രാജേഷ്, വലക്കലായിൽ | 40000 | 23.3.18 |
| | ഭാരതി രാധാകൃഷ്ണൻ, തെക്കേ വട്ടേക്കാട് | 40000 | 23.3.18 |
| | സതി ജയപ്രകാശൻ, കണ്ടംകമരത്ത് | 40000 | 23.3.18 |
| | ഹസീന ഷെരീഫ്, പള്ളത്ത് | 40000 | 23.3.18 |
| | കൊച്ചുനാരായണിയമ്മ, പ്ലാക്കൽ കല്ലുഴി | 40000 | 23.3.18 |
| | സുബൈദ ബഷീർ, പൊട്ടിക്കുണ്ടിൽ | 40000 | 23.3.18 |

മേൽ പറഞ്ഞവരുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-8 എസ്.സി.പഠന മുറി-ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനിർമ്മാണ അനുമതി ഇല്ലാതെ പഠനമുറി നിർമ്മിച്ചു

പ്രൊജക്ട്.നം-166/18

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ (ചെറുതുരുത്തി സർക്കിൾ)

ട്രഷറി ബിൽ നം.6/12.1.18 തുക-4,00,000/-

ട്രഷറി ബിൽ നം.12/19.2.18 തുക-50,000/-

ട്രഷറി ബിൽ നം.14/8.3.18 തുക-3,50,000/-

ട്രഷറി ബിൽ നം.19/24.3.18 തുക-48,000/-

ആകെ-8,48,000/-

1. 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങൾ പ്രകാരം കെട്ടിടത്തിനോടുള്ള കൂട്ടി ചേർക്കലോ, വിപുലീകരണമോ നടത്തുമ്പോൾ അത്തരം കൂട്ടിച്ചേർക്കലിനും വിപുലീകരണത്തിനും കെട്ടിടനിർമ്മാണ ചട്ടങ്ങൾ ബാധകമാണ്. ഗ്രാമപഞ്ചായത്തിൽ നിന്നുള്ള നിർമ്മാണത്തിനുള്ള നിരാക്ഷേപപത്രം ലഭ്യമാക്കാതെ തന്നെ 2017-18 സാമ്പത്തികവർഷം 9 ഗുണഭോക്താക്കൾക്ക് പഠനമുറിക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

ജി.ഒ (ആർ.ടി) 1683/17.തി.23.5.17 പ്രകാരം എസ്.സി പഠനമുറി പണിയുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് പ്രൊജക്ട് തയ്യാറാക്കി തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ പഠനമുറിയുടെ പ്ലാൻ, എൻ.ഓ.സി എന്നിവ ലഭ്യമാക്കാത്തതിനാൽ പഠനമുറി പണിതീർത്തിട്ടുള്ളത് എത്ര ഏരിയയ്ക്കാണ് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം 120 ച.അടിയ്ക്ക് താഴെയുള്ള മുറിയാണ് നിർമ്മിക്കേണ്ടത്.

2. 75 സ്ക്വയർ മീറ്ററിനു താഴെ വിസ്തീർണ്ണമുള്ള ഭവനങ്ങൾക്കാണ് നിലവിൽ പഠനമുറി അനുവദിക്കാൻ വ്യവസ്ഥയുള്ളത്. വസ്തു നികുതി സംബന്ധിച്ച് സഞ്ചയയിൽ രേഖപ്പെടുത്തൽ പ്രകാരം 60 എം2 നു താഴെയുള്ള ഭവനങ്ങളാണ് പ്രൊജക്ടിൽ തെരഞ്ഞെടുത്തിട്ടുള്ളത്. ആയതിനാൽ തന്നെ9 എണ്ണവും വസ്തുനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളാണ്. എന്നാൽ പഠനമുറി നിർമ്മിച്ച തറവിസ്തീർണ്ണം കൂടി പരിഗണിച്ചാൽ ഇവ വസ്തു നികുതിയുടെ പരിധിയിൽ വരുന്നതാണ്.

ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനം | ഗുണഭോക്താവ് | കെട്ടിട നം | നിലവിലെ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം(m2 ൽ) |
|---|---|---|---|
| 1 | രവി ,മുത്തങ്ങാപറമ്പിൽ | 3/37 | 50 |
| 2 | സുജാത,പഴഞ്ചേരി | 1/190 | 60 |
| 3 | പ്രേമ,നെല്ലിക്കുളങ്ങരപ്പടി | 4/587 | 27 |
| 4 | മണികണ്ഠൻ.കെ.കെ | 14/518 | 26 |
| 5 | ബിന്ദു,തോട്ടക്കാട്ടുവളപ്പിൽ | 10/130എ | 26.02 |

| | | | |
|---|---|---|---|
| 6 | ഉണ്ണികൃഷ്ണൻ,മേക്കാട്ടുമനപ്പടി | 11/46 | 47 |
| 7 | രാധാകൃഷ്ണൻ,കൈപ്പഞ്ചേരി | 15/536 | 50 |
| 8 | രാജേഷ്,കിഴക്കേവളപ്പിൽ | 5/1 | 48 |
| 9 | ബാബു,പൂളയ്ക്കൽ | 7/47 | 48 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ പഠനമുറിയുടെ നിർമ്മാണം ക്രമവൽക്കരിക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി പുനർനിർണ്ണയിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. ബിന്ദു, കളത്തിൽ ഹൗസ്, നെടുമ്പുര, ചെറുതുരുത്തി എന്നവർക്ക് 50,000/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകിയിട്ടുണ്ട്.(നം.16990100050958). എന്നാൽ നിർമ്മാണംപൂർത്തീകരിച്ച് നാളിതു വരെ ബാക്കിതുക കൈപ്പററിയിട്ടില്ല. ആയത് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 യുവജനങ്ങൾക്ക് സ്പോർട്സ് കിറ്റ് - ക്ലബ്ബുകളുടെ രജിസ്ട്രേഷൻ ഹാജരാക്കിയില്ല.

പ്രൊജക്റ്റ് നം-137/18

നിർവ്വഹണം-സെക്രട്ടറി

ട്രഷറി ബിൽ നം-59/26.3.18 തുക-50,000/-

2017-18 സാമ്പത്തികവർഷം 29 ക്ലബുകൾക്ക് സ്പോർട്സ് കിററ് വിതരണം ചെയ്യുന്നതിനായി ടിബിഎസ് പബ്ലിഷേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 50,000/- രൂപയ്ക്ക് സ്പോർട്സ് ഐറ്റംസ് വാങ്ങിയിട്ടുണ്ട്. പഞ്ചായത്ത് രജിസ്ട്രേഷനുള്ള ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് അനുവദിക്കാൻ തീരുമാനിച്ചതു പ്രകാരം 29 ക്ലബുകൾക്ക് കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ജി.ഒ.(എം.എസ്)80/17 ത.സ്വ.ഭ.വ 03.04.2017 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 32.10 പ്രകാരം രജിസ്റ്റേഡ് യുവജന ക്ലബുകൾക്കാണ് സ്പോർട്സ് കിററ് വിതരണം നടത്താവുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ 29 ക്ലബുകൾ ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ക്ലബുകളാണെന്ന തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. മേൽ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവുതുക 50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.20/2.3.19).

# 3-10 എസ്.എസ്.എ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക 5,00,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

എസ്.എസ്.എ. പദ്ധതി നിർവ്വഹണത്തിന് വേണ്ടി താഴെ പറയുന്ന പ്രകാരം 5,00,000/- രൂപ എസ്.എസ്.എ പ്രോജക്റ്റ് ഡയറക്ടറുടെ പേരിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്റ്റ് നം | പേര് | സ്ഥാപനം | ട്രഷറി ബിൽ നം | തുക |
|---|---|---|---|---|---|
| 1 | 12/18 | എസ്.എസ്.എ | പ്രൊജക്റ്റ് | 7/29.6.17 | 500000 |

| | | | | | |
|---|---|---|---|---|---|
| | | | ഡയറക്ടർ, എസ്.എസ്.എ | | |

എസ്.എസ് യുടെ ചെലവു സ്റ്റേറ്റ്മെന്റ്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നത് വരെ ചെലവു തുക 5,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-11 ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ- അംഗീകാരം ലഭ്യമാക്കേണ്ടതും സ്ഥാപനത്തിനായി വാങ്ങിയ ഉപകരണങ്ങൾ കൈമാറേണ്ടതുമാണ്.

നിർവ്വഹണം-സെക്രട്ടറി

1. പ്രൊജക്ട് നം-2/18 (സ്പിൽ ഓവർ)-ചെലവുതുക-99,729/-

2. പ്രൊജക്ട് നം-79/18-ചെലവുതുക -1,34,447/-

സ.ഉ (കൈയെഴുത്ത്)നം.144/13 ത.സ്വ.ഭ.വ തിയതി.6.4.13 പ്രകാരമുള്ള ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ മാർഗ്ഗരേഖ അനുസരിച്ച് ദേശീയ വികലാംഗ ജന നിയമമനുസരിച്ചുള്ള അംഗീകാരം സ്ഥാപനം ആരംഭിച്ച് 6 മാസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ച് സാമൂഹ്യക്ഷേമ ഡയറക്ടറിൽ നിന്നും വാങ്ങേണ്ടതാണ്. ബഡ്സ് സ്കൂൾ വികസന മാനേജ്മെന്റ് കമ്മറ്റി മാതൃകയിൽ ബി.ആർ.സികൾക്ക് മാനേജിംഗ് കമ്മറ്റികൾ രൂപീകരിച്ച് ധർമ്മസ്ഥാപനസംഘ നിയമ പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതുമാണ്. പകൽ പരിപാലനം, പരിചരണം എന്നിവ കൂടാതെ തൊഴിൽ പരിശീലനങ്ങൾ സ്ഥാപനം വഴി സംഘടിപ്പിക്കേണ്ടതുമാണ്. എന്നാൽ 2015 മുതൽ ബി.ആർ സി യായി പ്രവർത്തിച്ചുവരുന്ന സ്ഥാപനത്തിന് മേൽപറഞ്ഞ പ്രകാരം നാളിതുവരെ അംഗീകാരം ലഭ്യമായിട്ടില്ല. സ്ഥാപനത്തിന് അംഗീകാരം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.<u>2/18-ബഡ്സ് റിഹാബിലിറ്റേഷൻ സെന്റര് (സ്പിൽ ഓവർ)</u>

മേൽപറഞ്ഞ പ്രൊജക്ട് പ്രകാരം ആർട്ട്കോ ലിമിറ്റഡിൽ നിന്നും ഇൻവോയ്സ് നമ്പർ 120/24.3.17 പ്രകാരം 8,973/- രൂപ(നികുതി ഒഴികെ) വിലയുള്ള 2 വീൽചെയറുകളും, 7,853/- രൂപ (നികുതി ഒഴികെ) വിലയുള്ള സ്റ്റീൽകാബിനറ്റ് വിത്ത് 4 ഫിക്സഡ് ഷെൽഫ്സ് ഉം വാങ്ങിയിരുന്നു. എന്നാൽ നാളിതു വരെ മേൽപ്പറഞ്ഞവ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് കൈമാറിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കൈമാറിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 5.3.19 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ മേൽപറഞ്ഞവ സ്ഥാപനത്തിൽ കാണവാൻ സാധിച്ചില്ല. 7 അലമാരകൾ നിലവിൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർ ഉപയോഗിച്ചു വരികയാണ്. വീൽചെയറുകൾ ഗ്രാമപഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ഇരിക്കുന്നതായും കാണപ്പെട്ടു.

11 ഓളം കുട്ടികൾ മാത്രമാണ് സ്ഥാപനത്തിൽ അന്തേവാസികളായി ഉള്ളത്. ആയതിനാൽ തന്നെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് 7 അലമാരകളുടെ ആവശ്യകത ഇല്ലാത്തതാണ്. എന്നാൽ അടുക്കളയിൽ പാത്രങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഷെൽഫുകളുടെ ആവശ്യകത ഉള്ളതായി ജീവനക്കാർ അറിയിക്കുകയുണ്ടായി. ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിനായി വാങ്ങിയ ഉപകരണങ്ങൾ ആവശ്യകത അനുസരിച്ച് കൈമാറേണ്ടതാണ്.

# 3-12 പ്രൊജക്ടിലുൾപ്പെടുത്തിയ തുകയേക്കാൾ അധികമായി ബ്ലോക്ക് വിഹിതം പൂർണ്ണമായും ചെലവഴിച്ചു.

പ്രൊജക്ട് നം- നെൽകൃഷിക്ക് വിത്ത്, കുമ്മായം, കൂലിചെലവ് വിതരണം (129/18)

നിർവ്വഹണം-കൃഷി ഓഫീസർ

അംഗീകാരം ലഭിച്ച മേൽ പ്രൊജക്ടിലെ വകയിരുത്തൽ പ്രകാരം വികസനഫണ്ട് 11,63,901/- രൂപ, ബ്ലോക്ക് പഞ്ചായത്ത് 3,00,000/-, ജില്ലാപഞ്ചായത്ത് വിഹിതം 3,00,000/- രൂപ, മറ്റുള്ളവ 2,00,000/- രൂപയും ഉൾപ്പെടെ ആകെ അടങ്കൽ 19,63,901/- രൂപയായിരുന്നു. എന്നാൽ ബ്ലോക്ക് വിഹിതമായി പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 3,00,000/- രൂപക്ക് പകരം 2017-18 ൽ 5,31,543/- രൂപ അനുവദിക്കുകയുണ്ടായി.പ്രസ്തുത തുക ചെക്ക് നം.8207096/31.3.18 പ്രകാരം 2,77,725/- രൂപ, ചെക്ക് നം.8207097/31.3.18 പ്രകാരം 2,53,818/- രൂപയും, വള്ളത്തോൾ നഗർ കൃഷിഓഫീസർക്ക് അനുവദിക്കുകയും ചെയ്തു. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പ്രൊജക്ട് റിവൈസ് ചെയ്യാതെ തന്നെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക 5,31,543/- രൂപ പൂർണ്ണമായും നെൽകൃഷിക്ക് കൂലിചെലവിനത്തിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

2017-18 സാമ്പത്തികവർഷം പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് കൃഷി അസി.ഡയറക്ടർ നടപ്പാക്കിയ സമഗ്ര നെൽകൃഷി വികസനത്തിന്റെ പ്രൊജക്ടിൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന് 3,00,000/- രൂപ വിഹിതം അനുവദിക്കുന്നതിനു പകരം 5,31,543/- രൂപ അനുവദിക്കുകയാണ് ഉണ്ടായത്. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിന് ലഭിച്ച 5,31,543/- രൂപയിൽ ബാക്കി തുക 2,31,543/- തിരികെ ബ്ലോക്ക് പഞ്ചായത്തിന് നല്കേണ്ടതായിരുന്നു.

കൃഷി ഓഫീസറുടെ ചെലവു സ്റ്റേറ്റ്മെന്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ ചെലവു രേഖപ്പെടുത്തി കാണുന്നില്ല. അടങ്കലിൽ മാറ്റം വരുത്തി പ്രൊജക്ട് റിവൈസ് ചെയ്ത് തുക ചെലവഴിക്കുന്നതിനു പകരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി പ്രൊജക്ടിൽ ഉൾപ്പെടുത്തിയ തുകയേക്കാൾ കൂടുതൽ തുക ചെലവഴിച്ചതിനു വിശദീകരണം നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.20/2.3.19).

# 3-13 വികലാംഗർക്ക് മുച്ചക്ര വാഹനം-ഒരു വാഹനം നാളിതുവരെ വിതരണം ചെയ്തിട്ടില്ല.

പ്രൊജക്ട് നം-76/18

നിർവ്വഹണം-ഐ.സി.ഡി.എസ് സൂപ്പർവൈസർ

ട്രഷറി ബിൽ നം.4/24.3.18 തുക-3,00,000/-

ചെക്ക് നം.8207086/24.3.18 4,70,000/-

ആകെ 7,70,000/-

സ.ഉ(സാധാ)3521/17.ത.സ്വ.ഭ.വ തിയതി 1.11.17 പ്രകാരം ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കത്തക്ക രീതിയിൽ മാറ്റങ്ങളോടെ സൈഡ് വീൽ ഘടിപ്പിച്ചു നൽകുന്ന സ്കൂട്ടറുകൾ കെൽട്രോണിൽ നിന്നും വാങ്ങുന്നതിനാണ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ വികലാംഗർക്കുള്ള മുച്ചക്രവാഹനം പ്രൊജക്ടിനായി ഇ-ടെണ്ടർ ക്ഷണിക്കുകയും ACE MOTORS PVT LTD, കോഴിക്കോട് എന്ന സ്ഥാപനം 70,000/- രൂപയുടെയും, MAK INDIA AUTOMOBILES, പെരിന്തൽമണ്ണ എന്ന സ്ഥാപനം 66,450/- രൂപയുടെയും ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. 25.11.17 ൽ ACE MOTORS PVT LTD, കോഴിക്കോടിന്റെ എം.ഡി ശ്രീ. സദാനന്ദൻ, കമ്മത്ത് എന്നവരുമായി കരാറിലേർപ്പെട്ടതിനു ശേഷം സെക്രട്ടറിയുടെ 11.12.17 ലെ എ1-01/17 പ്രകാരം കെൽട്രോണിന്റെ സാങ്കേതിക സഹായത്തിനായി കത്തയച്ചതായി കാണുന്നു. പുറമെ നിന്ന് ഇന്ധനം നിറയ്ക്കുന്നതിനും, വാറണ്ടി പിരീഡ് കൂടുതലുള്ളതും, സർവ്വീസ് നെറ്റ് വർക്ക് കൂടുതലുള്ളതും ACE MOTORS ന്റെ വാഹനമായതിനാണെന്ന കെൽട്രോണിന്റെ നിർദ്ദേശ പ്രകാരം കൂടുതൽ തുകയുള്ള ACE MOTORS ന്റെ ടെണ്ടർ അംഗീകരിക്കുന്നതായി 22.12.17 ലെ 1(1) നമ്പർ തീരുമാനപ്രകാരം ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജി.ഒ.(എം.എസ്) 80/17 ത.സ്വ.ഭ.വ തിയതി 03.04.2017 പ്രകാരം ഖണ്ഡിക നം. 10.2.4 പ്രകാരം സ്പെഷലിസ്റ്റ് മെഡിക്കൽ ഓഫീസർ ഓർത്തോട്ടിക് എഞ്ചിനീയർ, പ്രൊസ്റ്റെറ്റിക് എഞ്ചിനീയർ, ഓഡിയോളജിസ്റ്റ്, ഓപ്റ്റോമെട്രിസ്റ്റ് എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തേണ്ടത്. എന്നാൽ മെഡിക്കൽ ക്യാമ്പ് നടത്തിയത് ആരാണ് എന്നോ, എത്ര പേർ ക്യാമ്പിൽ പങ്കെടുത്തതെന്നോ, വിവരം ഫയലിലില്ല.

2.ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർ വാഹനം ഓടിക്കാൻ പ്രാപ്തരാണെന്ന് ആരും തന്നെ സർട്ടിഫൈ ചെയ്തിട്ടില്ല.

അബു.കെ.ബി, കാരാഞ്ചേരി എന്ന ഗുണഭോക്താവിന്റെ മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം 100 % സെൻസറി ന്യൂറൽ ഹിയറിംഗ് ലോസ് ഉള്ളയാളാണെന്ന് കാണുന്നു. മേൽ ഗുണഭോക്താവിന് വാഹനം ഓടിക്കുന്നതിന് സാധിക്കുമോ എന്നത് സംശയകരമാണ്.

3. 11 ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ടിൽ തുക ചെലവഴിച്ചിരിക്കുന്നത്. എന്നാൽ 10 ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. 11-ാമത്തെ ഗുണഭോക്താവായ സുലൈമാൻ തട്ടാരത്തൊടി എന്നവർ വാഹനം കൈപ്പറ്റിയതിനു ശേഷം 23.5.18 ന് മരണപ്പെട്ടതിനാൽ 12.6.18 ലെ 23/23 തീരുമാനപ്രകാരം രവിചന്ദ്രൻ, നമ്പുള്ളിത്തൊടി, പള്ളിക്കൽ എന്നവർക്ക് പ്രസ്തുത വാഹനം നൽകാൻ തീരുമാനിച്ചിരുന്നു. എന്നാൽ മരണപ്പെട്ടയാളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് പുതിയ ഗുണഭോക്താവിന്റെ പേരിൽ രജിസ്ട്രേഷൻ മാറ്റി നൽകുന്ന നടപടികൾ പൂർത്തിയാകാത്തതിനാൽ നാളിതുവരെ ഗുണഭോക്താവിന് വാഹനം വിതരണം ചെയ്തിട്ടില്ല.

മേൽ പറഞ്ഞ വാഹനം ഗ്രാമപഞ്ചായത്ത് യൂത്ത് വെൽഫെയർ സെന്ററിന്റെ ഒരു ഭാഗത്ത് ഇരിക്കുന്നുണ്ട്. എന്നാൽ സെന്ററിന്റെ ഗ്രില്ലുകൾ പൂട്ടാൻ പറ്റാത്ത അവസ്ഥയാണ് നിലവിലുള്ളത്. വാഹനം സുരക്ഷിതമായി സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.



4.നാളിതുവരെ ഗുണഭോക്താക്കൾക്ക് ലൈസൻസ് ലഭിച്ചിട്ടില്ല.

ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനം | ഗുണഭോക്താവ് | രേഖകൾ ഇല്ലാത്തത് |
|---|---|---|
| 1 | കൃഷ്ണപ്രസാദ്, വള്ളിത്തൊടി | ലൈസൻസ്, വാഹനത്തിന്റെ രജിസ്ട്രേഷൻ |
| 2 | സലിം.പി.കെ, പുന്നക്കാട്ടിൽ | ലൈസൻസ്, വാഹനത്തിന്റെ രജിസ്ട്രേഷൻ |
| 3 | മോഹനസുന്ദരൻ, കുന്നത്ത് | ലൈസൻസ് |
| 4 | വിദ്യാധരൻ, പടിഞ്ഞാക്കര | ലൈസൻസ് |

നാളിതു വരെ മേൽപറഞ്ഞ ഗുണഭോക്താക്കൾ വാഹനത്തിന്റെ രജിസ്ട്രേഷൻ ബുക്കിന്റെ പകർപ്പുകൾ നിർവ്വഹണോദ്യാഗസ്ഥന് കൈമാറിയിട്ടില്ല. കൂടാതെ വാഹനം ഓടിക്കാൻ ഏറ്റവും അത്യാവശ്യമായ ലൈസൻസും നാളിതുവരെ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല.

ഗുണഭോക്താക്കൾക്ക് നാളിതുവരെ ലൈസൻസ് ലഭിച്ചിട്ടില്ലെങ്കിൽ അവരെ സഹായിക്കുന്നതിന് നൽകിയ വാഹനം അവർക്ക് പ്രയോജനപ്പെടുന്നില്ല എന്നാണ് വ്യക്തമാകുന്നത്. ആയതിനാൽ ഗുണഭോക്താക്കൾക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള വാഹനം വിതരണം ചെയ്യുന്നതു വരെ വാഹനത്തിന്റെ വിലയായ 70,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-14 മാലിന്യസംസ്ക്കരണം- പ്രൊജക്ടുകൾ ഫലപ്രാപ്തി കൈവരിക്കുന്നില്ല.

വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തികവർഷത്തിൽ മാലിന്യസംസ്ക്കരണം എന്ന ലക്ഷ്യത്തെ മുൻനിർത്തി ആവിഷ്ക്കരിച്ച് നടപ്പാക്കിയ പ്രൊജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | ചെലവഴിച്ച തുക | പ്രൊജക്ടിന്റെ ഉദ്ദേശ്യം |
|---|---|---|---|
| 119/18 | ഉറവിടത്തിൽ മാലിന്യസംസ്ക്കരണം | 89585 | ബയോഗ്യാസ് പ്ലാന്റ് (വീടുകൾക്ക്)-23 വീടുകൾ |
| 1/18 | ഉറവിടത്തിൽ മാലിന്യസംസ്ക്കരണം | 213750/- (വികസനഫണ്ട്)<br>285000/- (ഗുണഭോക്തൃവിഹിതം) | ബയോഗ്യാസ് പ്ലാന്റ് (വീടുകൾക്ക്)-95 വീടുകൾ |
| 145/18 | ഖരമാലിന്യ സംസ്ക്കരണപ്ലാന്റ് പുനരുദ്ധാരണം | 360450 | ഗ്രാമപഞ്ചായത്ത് മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ് |
| 169/18 | ഖരമാലിന്യങ്ങളുടെ കളക്ഷൻ സെന്റർ | 239400 | |
| 185/18 | മാലിന്യസംസ്ക്കരണയൂണിറ്റ് | 786354 | |

ജൈവ അജൈവ മാലിന്യങ്ങളുടെ അളവ്, ഉറവിടങ്ങൾ, നിർമ്മാർജ്ജന സാദ്ധ്യതകൾ എന്നിവയെപ്പറ്റി ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ 2017-18 ൽ ചർച്ചകൾ നടത്തിയിട്ടില്ല. എന്നാൽ 9.1.18ലെ മിനിറ്റ്സിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് പ്രൊജക്ട് ആരംഭിക്കുന്നതിന് തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്ന പ്രവൃത്തി നിലവിൽ ആരംഭിച്ചിട്ടില്ലാത്തതിനാൽ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ കൂട്ടിയിട്ടിരിക്കുന്ന സാഹചര്യം നിലവിലുള്ളതായും ചർച്ച ചെയ്തതായി കാണുന്നു.

കുടിവെള്ളം, ശുചിത്വം എന്നിവ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും പ്രൊജക്ടുകളുടെ രൂപീകരണം, നിർവ്വഹണം, ഫലപ്രാപ്തി എന്നിവ വിലയിരുത്തി കാണുന്നില്ല.
തൻവർഷം നടപ്പാക്കിയ പ്രൊജക്ടുകളിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.<u>ഖരമാലിന്യ സംസ്കരണപ്ലാന്റ് പുനരുദ്ധാരണം-145/18</u>

നിർവ്വഹണം-സെക്രട്ടറി

ട്രഷറി ബിൽ നം-58/26.3.18 തുക- 80,100/-

ട്രഷറി ബിൽ നം-60/28.3.18 തുക-2,80,350/-

-----------

ആകെ 3,60,450/-

ഗ്രാമപഞ്ചായത്ത് മാർക്കറ്റിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിനും പ്ലാന്റിനോടനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും കേടുപാടുകൾ പരിഹരിക്കുന്നതിനും സർവ്വീസ് നടത്തുന്നതിനുമാണ് പ്രൊജക്ട് തയ്യാറാക്കിയത്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട ഇനങ്ങൾ ഒന്നും ഇല്ല എന്ന ശുചിത്വമിഷന്റെ കത്തിന്റെ അടിസ്ഥാനത്തിലും 28.10.17 ലെ നം.2284/സി1/2011/സിഎം നമ്പറായി നൽകിയ സാങ്കേതികാനുമതിയുടെ അടിസ്ഥാനത്തിലും ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ആരും തന്നെ ടെണ്ടർ ഏറ്റെടുക്കാത്തതിനാൽ (6.2.18ലെ ടെണ്ടർ പരസ്യം (ദർഘാസ് നം.എ1-01/2018) തിരുവനന്തപുരത്തെ ബയോടെക് എന്ന സ്ഥാപനത്തിന് പ്രവൃത്തി ഏൽപ്പിച്ചു നൽകുകയും ചെയ്തു. 4,00,500/- രൂപയുടെ എസ്റ്റിമേറ്റാണ് സ്ഥാപനം സമർപ്പിച്ചിരുന്നത്. ആയതിൽ 2017-18 ൽ മേൽ പറഞ്ഞ തുക 3,60,450/- രൂപ സ്ഥാപനത്തിന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന അനുവദിച്ചിട്ടുണ്ട്. (അക്കൗണ്ട് നം.57022786109). പുനരുദ്ധാരണപ്രവൃത്തികൾ പൂർത്തിയാക്കിയതായി എക്സിറ്റ് യോഗത്തിൽ ബന്ധപ്പെട്ടവർ അറിയിച്ചെങ്കിലും പ്ലാന്റ് പ്രവർത്തനക്ഷമമാണെന്ന് ബയോടെക്കിൽ നിന്നും സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല.

പ്ലാന്റിനാവശ്യമായ ജൈവമാലിന്യങ്ങൾ എപ്രകാരം കണ്ടെത്തും എന്നതു സംബന്ധിച്ചും വ്യക്തമായ ധാരണയായിട്ടില്ല. 2013-14 വർഷം മുതൽ പ്ലാന്റ് നടത്തിപ്പിനായി ശ്രീ.മൻസൂർ, മന്തിയിൽ ഹൗസ്, ചെറുതുരുത്തി എന്നയാളെ നിയമിച്ചതായി കാണുന്നുണ്ടെങ്കിലും 2017 ജൂലായ് മാസത്തിൽ ടിയാൾ സേവനം അവസാനിപ്പിച്ചതായി കാണുന്നു. പുനരുദ്ധാരണപ്രവൃത്തികൾ പൂർത്തിയാക്കിയതിനുശേഷം പുതിയ നടത്തിപ്പുകാരനെ നിയമിച്ചിട്ടില്ല. മാർക്കറ്റ് പ്രവർത്തിക്കാതിരുന്നിട്ടും ബയോഗ്യാസ് പ്ലാന്റ് പുനരുദ്ധാരണപ്രവൃത്തികൾ നടത്തി പ്രവർത്തനക്ഷമമാക്കിയത് കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണെന്ന് എക്സിറ്റ് യോഗത്തിൽ ബന്ധപ്പെട്ടവർ അറിയിച്ചിട്ടുണ്ട്. മാർക്കറ്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്ന സാഹചര്യത്തിൽ മേൽക്കോടതി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.



2. <u>ഖരമാലിന്യങ്ങളുടെ കളക്ഷൻ സെന്റർ(169/18)</u>

ട്രഷറി ബിൽ നം-42/14.3.18 തുക- 79,000/-

ട്രഷറി ബിൽ നം-41/14.3.18 തുക- 2,000/-

ട്രഷറി ബിൽ നം-55/26.3.18 തുക- 1,58,400/-

ആകെ 2,39,400/-

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വീടുകളിൽ നിന്നും കുടുംബശ്രീ മുഖേന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് സൂക്ഷിച്ച് ആയത് പഞ്ചായത്ത് ട്രാക്ടർ ഉപയോഗിച്ച് യത്തീംഖാന പരിസരത്തുള്ള പഞ്ചായത്തിന്റെ മെറ്റീരിയൽ കളക്ഷൻ റിക്കവറി ഫെസിലിറ്റേഷൻ സെന്ററിൽ എത്തിച്ച് സംഭരിക്കുന്നതിന് 28.10.17 ലെ ഭരണസമിതി യോഗത്തിൽ തീരുമാനിച്ചു. (തീരുമാനം 1/1). കുടുംബശ്രീ മുഖേന തെരഞ്ഞെടുത്ത 42 വനിതകൾക്ക് പ്രതിമാസം 1,400/- രൂപ നിരക്കിൽ (മാസത്തിൽ 2 തവണ കളക്ഷൻ) നവംബർ 1 മുതൽ മാർച്ച് വരെയുള്ള കാലയളവിലേക്ക് വേതനമായി നൽകിയിട്ടുണ്ട്. മേൽ പ്രകാരമുള്ള തുക വേതനമിനത്തിലാണ് പൂർണ്ണമായും ചെലവഴിച്ചു കാണുന്നത്. എന്നാൽ വീടുകളിൽ നിന്നും അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിന് കുടുംബശ്രീ പ്രവർത്തകർക്ക് ബിന്നുകളോ, അർബാനകളോ നൽകിയിട്ടില്ല.

2017-18 സാമ്പത്തികവർഷത്തെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊജക്ടിൽ ബ്ലോക്ക് പഞ്ചായത്തിന്റെ 6 ഗ്രാമപഞ്ചായത്തുകളിൽ ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ കയ്യുറകൾ, അർബാനകൾ, യൂണിഫോം എന്നിവ വാങ്ങി സിഡിഎസ് മുഖേന വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് സി.ഡി.എസ് അർബാനകൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ അർബാനകൾ നിലവിൽ ബ്ലോക്ക് പഞ്ചായത്തിൽ

സൂക്ഷിച്ചിരിക്കുകയാണ്.



3. <u>പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് (185/18)</u>

ട്രഷറി ബിൽ നം- 46/21.3.18 തുക-1,96,589/-

ട്രഷറി ബിൽ നം- 47/25.3.18 തുക-1,96,588/-

ട്രഷറി ബിൽ നം- 61/28.3.18 തുക-3,93,177/-

ആകെ-7,86,354/-

പഞ്ചായത്തിലെ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനു വേണ്ടിയാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരിക്കുന്നത്. വനിതാ ഘടകപദ്ധതിയിൽ ആവിഷ്കരിക്കേണ്ട പദ്ധതികൾ സംബന്ധിച്ച് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ആയതിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് രേഖപ്പെടുത്തി കാണുന്നില്ല. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി ക്ലീൻകേരള കമ്പനിയ്ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. ക്ലീൻ കേരള കമ്പനി നൽകിയ Technical requirement ൽ 3 ഫേസ് കണക്ഷൻ, വാട്ടർ റിക്വയർമെന്റ്, 1000 സ്ക്വയർഫീറ്റ് ഷെഡ്എന്നിവ ആവശ്യമുള്ളതായി അറിയിച്ചിട്ടുണ്ട്. 5.3.18 ൽ ക്ലീൻകേരള കമ്പനിയുമായി ഏർപ്പെട്ട കരാർ ഉടമ്പടിയിൽ യന്ത്രങ്ങൾക്ക് വാറണ്ടി രേഖപ്പെടുത്തിയിരിക്കുന്നത് ഇൻവോയ്സ് തീയതി മുതൽ ഒരു വർഷത്തേക്കാണ്. സ്ഥാപനം നൽകിയ ഇൻവോയ്സ് ബിൽ ഹാജരാക്കിയില്ല.

<u>ഭൗതിക പരിശോധന-</u>

ഗ്രാമപഞ്ചായത്തിലെ നൂറുൽ ഹുദാ യത്തീംഖാന പ്രവർത്തിക്കുന്ന സ്ഥലത്തോട് ചേർന്ന് പഴയ ആയുർവേദ ആശുപത്രി കെട്ടിടമാണ് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റായി മാറ്റിയിരിക്കുന്നത്. കെട്ടിടത്തിന്റെ വരാന്തയിൽ ഷ്രെഡിംഗ് മെഷീനും, ബെയ്ലിംഗ് മെഷീനും ഇരിക്കുന്നുണ്ട്. ത്രീ ഫേസ് കണക്ഷൻ ലഭിച്ചിട്ട് ഏതാനും ദിവസങ്ങളെ ആയിട്ടുള്ളൂ. കെട്ടിടത്തിന്റെ സൈഡിലും മുകളിലും മാലിന്യങ്ങൾ നിറച്ച പ്ലാസ്റ്റിക് ചാക്കുകെട്ടുകൾ കുന്നു കൂടി കിടക്കുന്നുണ്ട്. ഷ്രെഡിംഗ് പ്രവൃത്തി നിലവിൽ ആരംഭിച്ചിട്ടില്ല.






**<u>ത്രിതലപഞ്ചായത്തുകളുടെ പ്രൊജക്ടുകളിലെ ഏകോപനമില്ലായ്മ- വികസനഫണ്ട് പാഴാക്കി കളയുന്നു.</u>**

വള്ളത്തോൾ നഗർ ഭരണസമിതിയുടെ 22.1.18 ലെ 1/1 നമ്പർ തീരുമാനത്തിൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.ബ്ലോക്ക് പഞ്ചായത്ത് ടി പ്രൊജക്ട് എന്ന നടപ്പാക്കുമെന്ന് വ്യക്തമാക്കാത്ത സാഹചര്യത്തിലും ഗ്രാമപഞ്ചായത്തുമായി ഉടമ്പടിയിൽ ഏർപ്പെടാത്ത സാഹചര്യത്തിലും സർക്കാരിന്റെ ഫ്ലാഗ് ഷിപ്പ് പദ്ധതിയായ നവകേരള മിഷന്റെ

ഉപപദ്ധതിയായ ഹരിതകേരള മിഷൻ പദ്ധതിയിൽ മാലിന്യ നിവാരണം അടിയന്തിര പ്രാധാന്യമുള്ളതായതിനാൽ പ്രൊജക്റ്റ് നടപ്പാക്കാൻ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു.

പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ഷ്രെഡ് ചെയ്യുന്നതിന് 2017-18,2018-19 സാമ്പത്തികവർഷങ്ങളിലായി ബ്ലോക്ക് പഞ്ചായത്ത് 87 ലക്ഷം രൂപയോളം വിവിധ പ്രൊജക്റ്റുകളിലായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വള്ളത്തോൾ നഗർ, കൊണ്ടാഴി, പാഞ്ഞാൾ തുടങ്ങി ബ്ലോക്ക് പരിധിയിൽ പെടുന്ന ഗ്രാമപഞ്ചായത്തുകൾ സ്വന്തമായി ഷ്രെഡിംഗ് യൂണിറ്റ് 2017-18,2018-19 ൽ ആരംഭിച്ചു. പ്രൊജക്റ്റ് രൂപീകരണ സമയത്ത് ഗ്രാമപഞ്ചായത്തുകളുമായി കൂടിയാലോചന നടത്തുകയോ, പ്ലാസ്റ്റിക് ശേഖരിച്ച് ബ്ലോക്ക് പഞ്ചായത്ത് ഷ്രെഡിംഗ് യൂണിറ്റിലെത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുമായി ബ്ലോക്ക് പഞ്ചായത്ത് കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ ബ്ലോക്ക് പഞ്ചായത്ത് ഇപ്രകാരം ഒരു പ്രൊജക്റ്റ് തയ്യാറാക്കി മെഷീനറി സ്ഥാപിച്ചതായി അറിവായിട്ടും ബ്ലോക്ക് പഞ്ചായത്തുമായി ധാരണയിലെത്താൻ ശ്രമിക്കാതെ സ്വന്തമായി ഷ്രെഡിംഗ് യൂണിറ്റ് ആരംഭിക്കുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്തത്. ഒരേ ആവശ്യത്തിനു വേണ്ടി ഓരോ ഗ്രാമപഞ്ചായത്തും മുതൽമുടക്കുന്നതിനു പകരം ബ്ലോക്ക് പഞ്ചായത്തിന്റെ മുതൽമുടക്കിൽ പങ്കാളികളായിരുന്നുവെങ്കിൽ വികസന ഫണ്ട് പാഴാകുന്നത് ഒഴിവാക്കാമായിരുന്നു.

# 3-15 എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയിൽ നിർമ്മിച്ച വാട്ടർ കിയോസ്ക്കുകൾ - പാഴ് ചെലവായി

എം.ജി.എൻ.ആർ.ഇ.ജി.എസ്. ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ 09-02-2017ലെ ബി.196/ എം.ജി.എൻ.ആർ.ഇ.ജി.എസ്./16 നമ്പർ കത്തിൽ വരൾച്ചാ ലഘൂകരണത്തിന്റെ ഭാഗമായി ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, എം.ജി.എൻ.ആർ.ഈ.ജി.എസ്. ഫണ്ട് ഉപയോഗപ്പെടുത്തി ഗ്രാമ പഞ്ചായത്തിന്റെ 15 ഇടങ്ങളിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുകയും, പ്രസ്തുത പ്രവർത്തിയുടെ ബേയ്സ്മെന്റുകൾ നിർമ്മിക്കുകയും ചെയ്തിട്ടുള്ളതാണ് ഫയൽ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിനായി നിർദ്ദേശിച്ച ഈ പ്രവർത്തികൾ 2017 ൽ തന്നെ പൂർത്തീകരിച്ചതായി കാണുന്നു. ഈ വാട്ടർ കിയോസ്കുകൾ പ്രയോജനപ്പെടുത്തി കുടിവെള്ള വിതരണം ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ അറിയിക്കുന്നതിനായി ആവശ്യപ്പെട്ടുകൊണ്ട് 22/2.3.19-ാം നമ്പർ എൻക്വയറിയ്ക്ക് ഗ്രാമപഞ്ചായത്തിൽ നിർമ്മിച്ച ബേസ്മെന്റുകളിൽ 8 വാട്ടർടാങ്കുകൾ സ്ഥാപിച്ചതായി അറിയിച്ചു. ബാക്കി 7 എണ്ണത്തിന് ടാങ്കുകൾ ഇല്ല. ടാങ്കുകൾ സ്ഥാപിച്ചവയിൽ തന്നെ നാളിതുവരെ കുടിവെള്ള വിതരണം ആരംഭിച്ചിട്ടില്ല എന്ന മറുപടിയാണ് അറിയിച്ചിട്ടുള്ളത്. വാട്ടർ കിയോസ്കുകൾക്കായി പ്ലാറ്റ് ഫോം നിർമ്മിക്കൽ മാത്രമാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നത്. ബാക്കിയുള്ള നടപടികൾ മറ്റു വകുപ്പുകളുടെ (കൃത്യമായ വിവരം ലഭ്യമല്ല) മേൽനോട്ടത്തിലാണ് നടത്തുന്നത്. ആസൂത്രണ നിർവ്വഹണത്തിൽ വകുപ്പുകളുടെ സംയോജനമില്ലായ്മയുടെ അടിസ്ഥാനത്തിൽ ഇതിനായി ചെലവിട്ടിട്ടുള്ള തുക പാഴ് ചെലവായി മാറിയിരിക്കുന്നതായി കാണാവുന്നതാണ്. പ്രായോഗികമായി ഏറ്റെടുത്തു നടത്താൻ ബുദ്ധിമുട്ടുള്ള പ്രവർത്തികൾ എറ്റെടുത്തു നടത്തുന്നതിൽ നിയന്ത്രണം പാലിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. പ്രോജക്റ്റിന്റെ പുരോഗതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 3-16 വിഭവസ്രോതസിൽ തനതുഫണ്ട് രേഖപ്പെടുത്തി ആസൂത്രണസമിതിയുടെ അംഗീകാരം നേടിയ

# പ്രോജക്ട് വിഭവസ്രോതസ് മാറ്റി നടപ്പാക്കിയത് മാർഗ്ഗരേഖയ്ക്കു വിരുദ്ധം

പ്രോജക്ട് നമ്പർ---s0086/18

പ്രവൃത്തിയുടെപേര്-ചിറകുളങ്ങര റോഡ് നവീകരണം

അടങ്കൽ -3,76,900/-(MG Road)

5,000/-(ownfund)

ചെലവുതുക - 1,71,900/--

ട്രഷറി ബിൽനമ്പർ ---10/18dtd.25.8.17

കരാറുകാരൻ ---അബ്ദുള്ളക്കുട്ടി.എം.എം

കരാർനമ്പർ -21/AE/LSGD/VNGP/15-16dtd21.8.15

സാങ്കേതികാനുമതി - 80/AEE/LSGD/PZR/15-16dtd 23.5.15

അളവുപുസ്തകം – 294/15-16

ഇത് ഒരു സ്പിൽഓവർ പ്രോജക്ടാണ്. പത്താം വാർഡിലെ ചിറകുളങ്ങര റോഡ് കോൺക്രീറ്റിങ്ങിനുവേണ്ടി 2,05,000/-രൂപ തനതുഫണ്ടിൽ വകയിരുത്തി 2015-16 വർഷത്തിൽ രൂപീകരിച്ച പ്രോജക്ടാണിത്.(s0051/16)വീണ്ടും 16-17ൽ s0094/17എന്ന സ്പിൽഓവർ പ്രോജക്ട് വച്ചു. (തനത്ഫണ്ട് -20,500/-) 2017-18ൽ s0086/18നമ്പർ സ്പിൽഓവർപ്രോജക്ടായി വെച്ചപ്പോൾ ആകെ അടങ്കൽതുക 3,76,900/- രൂപയാക്കുകയും ഇതിൽ 3,71,900/- രൂപ മെയിന്റനൻസ് ഫണ്ട് റോഡ് വിഭാഗത്തിലും 5,000/- രൂപ തനതുഫണ്ടിലും വകയിരുത്തി പ്രവൃത്തി പൂർത്തീകരിച്ചു. ആകെ പ്രവൃത്തിമൂല്യം 1,71,900/-രൂപയാണ്.

ജി.ഒ(എം.എസ്)നമ്പർ 72/2017/ത.സ്വ.ഭ.വ.തിയതി 29.3.2017.ഖണ്ഡിക11(1),വിഭവസമാഹരണവും വകയിരുത്തലും സംബന്ധിച്ച നിർദ്ദേശങ്ങളിൽ നിർദ്ദേശം(6) ൽ വിഭവസ്രോതസിൽ തനതുഫണ്ട് രേഖപ്പെടുത്തി ജില്ലാ ആസൂത്രണസമിതി അംഗീകാരം നേടിയ പ്രോജക്ടുകളിൽ യാതൊരു കാരണവശാലും വിഭവസ്രോതസ് മാററാൻ പാടില്ലെന്നു പറയുന്നുണ്ട്.

മാർഗരേഖയ്ക്കുവിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയതിനു വിശദീകരണം നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ27/2.3.19).

# 3-17 കോഴിമാംപറമ്പ് കുംഭാരകോളനി കുടിവെള്ള പദ്ധതി,ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നമ്പർ – s0112/18

അടങ്കൽ -3,00,000/- (തനതുഫണ്ട് 2,70,000/-, ഗുണഭോക്തൃവിഹിതം. 30,000/-)

കരാർനമ്പരുംതിയതിയും- 30/AE/LSGD/dt14.3.17

കരാറുകാരൻ--- പി.എം.വീരാൻകുട്ടി

പ്രവൃത്തിമൂല്യം 2,63,540/- --partbill

MB No -338/16-17

ചെക്ക്നമ്പർ 040402/1.3.18 തുക -2,63,540/-

കോഴിമാംപറമ്പ് കുംഭാരകോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ജലലഭ്യതയുള്ള സ്ഥലത്ത് കുഴൽകിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് പമ്പ്ഹൗസ് നിർമിച്ച് പൈപ്പ് ലൈൻ വഴി എല്ലാവീടുകളിലേക്കും വെള്ളം എത്തിക്കുന്നതിനുള്ള പ്രോജക്ടാണിത്. എന്നാൽ സ്ഥലപരിശോധന നടത്തിയപ്പോൾ ഒരു ബോർവെൽ അടിച്ച് ഫെറോസിമെന്റിന്റെ പമ്പ്ഹൗസ് സ്ഥാപിച്ചതു മാത്രമാണ് കാണാനായത്, മോട്ടോർ സ്ഥാപിക്കുകയോ കറണ്ടുകണക്ഷൻ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട് കണ്ട മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.
പ്രവൃത്തിക്ക് സിംഗിൾ ടെണ്ടറാണ് ലഭിച്ചുകാണുന്നത്. എന്നാൽ സിംഗിൾ ടെണ്ടർ ലഭിച്ചുകഴിഞ്ഞാൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ അനുവർത്തിച്ചുകാണുന്നില്ല.

1) ബോർവെൽ കുഴിക്കുന്നതിന് സ്ഥാന നിർണ്ണയം നടത്തിയിട്ടില്ല.

2)ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3)വീടുകളിലേക്കു കണക്ഷൻ കൊടുക്കുന്നതിന് ഉദ്ദേശിച്ചുള്ള പ്രോജക്ടാണ്. എന്നാൽ, എത്ര കുടുംബങ്ങൾക്കാണ് കണക്ഷൻ കൊടുക്കുന്നത്, അവരുടെ ലിസ്റ്റ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതു വരെ ചെലവുതുക 2,31,890/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 3-18 മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു

റോഡ് മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ നിർമ്മാണത്തിനു വിനിയോഗിക്കുവാൻ പാടില്ല. കുഴികൾ നികത്തൽ, ഉപരിതലം നിരപ്പാക്കൽ, ഓടകൾ നിർമ്മിക്കൽ, വശങ്ങളിൽ ഭിത്തികെട്ടി ശക്തിപ്പെടുത്തൽ എന്നിവയ്ക്ക് ഉപയോഗിക്കാം. (14.3.2005ലെ സർക്കുലർ നമ്പർ 12295/p.1/05/LSGD). താഴെപ്പറയുന്ന റോഡ് പ്രവൃത്തികളുടെ പ്രോജക്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് പുതിയ റോഡുകളുടെ നിർമ്മാണം എന്നാണ്. ഇതിനായി വകയിരുത്തിയിരിക്കുന്നത് മെയിന്റനൻസ് ഗ്രാന്റ്(റോഡ്)ആണ്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെപേര് എംബി, കരാർനമ്പർ | അടങ്കൽ | ചെലവ് | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|---|
| 1 | 168/18 | നെടുമ്പുര മദ്രസ സബ്റോഡ് 31/AE/Lsgd/VNGP/17-18dtd13.12.2017, MB336/16-17. | 280000(MGR) 17212(ownfund) | 280000 | Treasurybill no-26/18,dtd 30.1.18 |
| 2 | 92/18 | കരിമ്പിൻനമ്പുള്ളി റോഡ്. 2/AE/LSGD/16-17dtd19.1.17 MB-350/16-17 | 300000 | 300000 | 8/18dtd17.8.17 |
| 3 | 27/18 | എൻ.എൻ. മണ്ണഴിറോഡ്, 09/AE/LSGD/VNGP/17-18dtd28.11.2017, MB-365/16-17 | 266225(mgr) 5000(ownfund) | 266225 | 36/18dtd23.3.18 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 4 | 50/18 | പാഞ്ഞാൾ നിസ്കാരപ്പള്ളി റോഡ്13/AE./lsgd/VNGP/17-18dtd28.11.17 | 499000 | 499000 | 35/18dtd23.3.18 |
| 5 | 36/18 | എസ് എൻഡിപി ഓഫീസ്റോഡ്& മന്നിയിൽ റോഡ്. 22/17-18/AE/LSGD/VNGP dtd 7.12.17. MB-331/16-17 | 330000(mgr) 5000(ownfund) | 330000 | 33/18dtd21.3.18 |
| 6 | 56/18 | കുളമ്പ്കോളനിറോഡ് 36/AE/LSGD/VNGP/17-18dtd15.12.17 MB -357/16-17 | 565000 | 437264 | |
| 7 | 26/18 | അലമാരകമ്പനിറോഡ് 21/AE/LSGD/VNGP/17-18dtd28-11-2017 MB-36116-17 | 595000(mgr) 5000(ownfund) | 595000 | 32/18dtd21.3.18 |
| 8 | 59/18 | മനയ്ക്കലപറമ്പ് റോഡ്. 16/AE/LSGD/VNGP/17-18dtd28.11.17 MB-367/16-17 | 390000(mgr) 10000(ownfund) | 394701 | 41/18dtd26.3.18 |
| 9 | 34/18 | യത്തീംഖാനകല്ലേകണ്ട് ലിങ്ക്റോഡ്05/AE/LSGD/VNGP/17-18dtd28.11.17 MB -330/16-17 | 495000 | 475000 | 34/18dtd23.1/18 |
| 10 | 86/18 | ചിറകുളങ്ങരറോഡ് നവീകരണം21/AE/LSGD/VNGP/15-16dtd21.8.15 MB -234/15-16 | 371900(mgr) 5000(ownfund) | 171900 | 10/18 dtd. 25.8.17 |

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെയിന്റനൻസ് ഫണ്ട് വിനിയോഗം നടത്തിയതിനു വിശദീകരണം നല്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 14/28.2.19).

# 3-19 പൊതുമരാമത്ത് പ്രവൃത്തികളിലെ നിർവ്വഹണത്തിലെ പോരായ്മകൾ

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/ത.സ്വ.ഭ.വ, യിൽ വിശദമായി നിർദ്ദേശങ്ങളുണ്ട്. എന്നാൽ പ്രൊജക്ടുകളുടെ ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവ നിർവ്വഹിക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>1. റോഡ് കണക്ടിവിറ്റി പ്ലാൻ, ഭൂപടം എന്നിവ തയ്യാറാക്കിയിട്ടില്ല.</u>

ഗതാഗതമേഖലയിലെ പ്രൊജക്ട് നിർവ്വഹിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിലെ

ഖണ്ഡിക 12.10(1) ൽ അനുശാസിക്കുന്നു. ഓരോ റോഡ് നിർമ്മാണ പ്രവൃത്തിയോടൊപ്പവും റോഡ് കണക്റ്റിവിറ്റി ഭൂപടത്തിൽ പ്രസ്തുത റോഡിന്റെ ഭാഗം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ റോഡ് കണക്റ്റിവിറ്റി ഭൂപടവും പദ്ധതിയും തയ്യാറാക്കാതെയാണ് ഗതാഗതമേഖലയിലെ പ്രൊജക്ടുകൾ നടപ്പാക്കിയിരിക്കുന്നത്.

**2. ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല.**

സംരക്ഷണഗ്രാന്റ് വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 13.6(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കാതെയാണ് ആസ്തി സംരക്ഷണപ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നത്.

**3. നിർദ്ദിഷ്ട രീതിയിൽ മോണിട്ടറിംഗ് നടത്തുന്നില്ല.**

മാർഗ്ഗരേഖയിലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല.

**4. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ.**

1. ആസ്തി രജിസ്റ്ററിന്റെ അച്ചടി പകർപ്പ് കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ സചിത്ര സോഫ്റ്റ് വെയറിലും കാലികമാക്കിയിട്ടില്ല.

2. ജി.ഒ.(പി) നം. 177/2006/21.3.2006 ലെ ഖണ്ഡിക 18.3 പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും ടി.ആർ. 7 എ ഫാറത്തിലുള്ള കാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർദ്ദിഷ്ട ഫാറത്തിലുള്ള കാഷ്ബുക്ക് അല്ല അസിസ്റ്റന്റ് എഞ്ചിനീയർ സൂക്ഷിക്കുന്നത്.

3. ജി.ഒ.(പി) നം. 177/2006/21.3.2006 ലെ 26.6 പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അനുബന്ധം B-V ഫോറത്തിലുള്ള പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അസി.എഞ്ചിനീയർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**5. നിർമ്മാണപ്രവൃത്തികളുടെ വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടില്ല.**

മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6(5)പ്രകാരം നിർമ്മാണപ്രവൃത്തികളുടെ പ്രധാന വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ബോർഡ് പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ റോഡിന്റെ പേര് മാത്രം രേഖപ്പെടുത്തിയ ബോർഡാണ് സ്ഥാപിച്ചിട്ടുള്ളത്.
മേൽ പറഞ്ഞ പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

# 3-20 മൃഗാശുപത്രി കെട്ടിടം പണി പാതിവഴിയിൽ

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിനു കേരള പഞ്ചായത്തുരാജ് ആക്ട് ചട്ടം 166പ്രകാരം കൈമാറികിട്ടിയ ചെറുതുരുത്തി വില്ലേജ് സർവ്വേ739/2 ൽപെട്ട മൃഗാശുപത്രി കെട്ടിടവും അതിനോടനുബന്ധിച്ചുള്ള സ്ഥലവും പഞ്ചായത്താണ് പരിപാലിച്ചു പോരുന്നത്. ഈ സ്ഥലത്ത് പഞ്ചായത്ത്, മൃഗാശുപത്രിക്കുവേണ്ടി ഒരു കെട്ടിടം പണിതു വരുന്നുണ്ട്. കൈമാറികിട്ടിയ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചുണ്ടായ തർക്കം മൂലം പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. (മിനിറ്റ്സിൽ രേഖപ്പെടുത്തിയത്) പൊതുജനങ്ങളുടെ സൗകര്യാർത്ഥം പഞ്ചായത്തു കോമ്പൗണ്ടിൽതന്നെ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് മൃഗാശുപത്രി കെട്ടിടം പണിയുകയും ഇതിലേക്ക് മൃഗാശുപത്രിയുടെ പ്രവർത്തനം മാറ്റുകയും ചെയ്തിട്ടുണ്ട്. 2012മുതൽ കെട്ടിടംപണിക്കുവേണ്ടി 40ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നു മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്രയും തുക ചെലവഴിച്ചിട്ടും പൊതുജനങ്ങൾക്കുപകാരപ്രദമാവേണ്ടിയിരുന്ന ഈകെട്ടിടം പണി പൂർത്തിയാവാത്തതിനാൽ ഒരു പ്രയോജനവുമില്ലാതെ കിടക്കുകയാണ്. ആയതിനാൽ പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുവാനും അതിനനുസൃതമായ മാറ്റം റവന്യൂരേഖകളിൽ വരുത്തുന്നതിനും ആവശ്യമായനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. (എൻക്വയറിനമ്പർ 17).

# 3-21 വിവിധ പ്രവൃത്തികൾക്കായി കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിൽ മണ്ണ് കുഴിച്ചെടുത്തതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മണ്ണിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര്, എം.ബി, കരാർനമ്പരും തിയ്യതിയും | അടങ്കൽതുക | ചെലവ് | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് |
|---|---|---|---|---|---|
| 1 | 177/18 | നെടുമ്പുര തോട് മണ്ണുനീക്കൽ MB-380/16-17, 47/AE/LSGD/vngp/17-18dtd 17.3.18 | 48500 | 47701 | 295.20m3 billno 62/18dtd 31.3.18 |
| 2 | 52/18 | യത്തീംഖാന ടാങ്ക്റോഡ്, കരാർ 26/AE/LSGD/VNGP/17-18dtd7.2.17 mb -362/16-17 | 6,50000 | 621899 | 85.68 m3 – billno 37/18dtd23.3.18 |

മണ്ണിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-15/dtd28.2.19).

# 3-22 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ- പൊതു പരാമർശങ്ങൾ

**1)കാർഷികമേഖല—നവീന രീതിയിലുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നില്ല.**

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി ഓഡിറ്റ് വർഷം 4 പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ സ്റ്റാറ്റസ് റിപ്പോർട്ടിലെ രേഖപ്പെടുത്തൽ പ്രകാരം 2013-14 മുതൽ

ഗ്രാമപഞ്ചായത്തിൽ കാർഷികമേഖലയിൽ തുടർച്ചയായി നടപ്പാക്കി വരുന്ന പ്രൊജക്ടുളാണ് ഇവ. 2017-18 ലെ പ്രൊജക്ടുകൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|
| നെൽകൃഷിക്ക് വിത്ത്, കുമ്മായം, കൂലിചെലവ് വിതരണം | 1938901 | 1163901(ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവു ചെയ്തത് ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.) |
| തെങ്ങ്കൃഷിക്ക് ജൈവവളം, രാസവളം വിതരണം | 200000 | 200000 |
| വാഴകൃഷിക്ക് രാസവള വിതരണം | 158152 | 158152 |
| പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും | 321400 | 321400 |

ജി.ഒ(എം.എസ്) 72/2017 ത.സ്വ.ഭ.വ തിയതി 3.4.17 പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു നിശ്ചിതകാലയളവിനുള്ളിൽ കാർഷിക മേഖല സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ളവയായിരിക്കണം കാർഷികമേഖല പ്രൊജക്ടുകൾ. എന്നാൽ ഓരോ വർഷവും ഒരേ തരം പ്രൊജക്ടുകൾ നടപ്പാക്കുന്നതിലൂടെ ഈ ലക്ഷ്യം കൈവരിക്കാനാകുമോ എന്ന വിഷയം പരിശോധിക്കപ്പെടെണ്ടതാണ്.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 80/17.ത.സ്വ.ഭ.വ തിയതി 3.4.17 ൽ കാർഷിക ഉൽപ്പന്നങ്ങൾക്ക് താങ്ങുവില/ഉല്പാദക ബോണസ്, കൃഷിയെ സാരമായി ബാധിക്കുന്ന കീടരോഗങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി, പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് വിപണന സംവിധാനം, വീടുകൾ ഹരിതഭവനം എന്നിങ്ങനെ വൈവിദ്ധ്യങ്ങളായ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ കാർഷികമേഖലയ്ക്ക് കൂടുതൽ പ്രയോജനകരമായ ഇത്തരം പ്രൊജക്ടുകൾ ഒന്നും തന്നെ ഏറ്റെടുക്കാതെ വളം വിതരണം, കൂലിചെലവ് സബ്സിഡി തുടങ്ങിയ പ്രൊജക്ടുകൾ മാത്രമാണ് ഏറ്റെടുത്തിട്ടുള്ളത്. വൈവിദ്ധ്യമാർന്ന പ്രൊജക്ടുകൾ ഏറ്റെടുത്ത് പദ്ധതി ലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2.പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും-തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കപ്പെടുന്നില്ല.**

2017-18 സാമ്പത്തികവർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിനായി എസ്.എസ്.എഫ് പഴയന്നൂർ നിന്നും 2500 എണ്ണം ഗ്രോബാഗുകളും, പഴയന്നൂർ ബ്ലോക്ക് അഗ്രോസർവ്വീസ് സെന്ററിൽ നിന്നും 830 ഗ്രോബാഗുകളും വാങ്ങിയിട്ടുണ്ട്. (ആകെ 330 യൂണിറ്റ്). ആയത് 277 ഗുണഭോക്താക്കൾക്കായി വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും താഴെ പറയുന്ന തൈകൾ വാങ്ങി16 വാർഡുകളിലെ സി.ഡി.എസ് മുഖേന വിതരണം നടത്തിയിട്ടുണ്ട്.

| ഇനം | എണ്ണം |
|---|---|
| വഴുതന | 6272 |
| തക്കാളി | 6566 |
| മുളക് | 4606 |

| | |
|---|---|
| പയർ | 3136 |
| ക്വാളി ഫ്ലവർ | 1764 |
| കാബേജ് | 1676 |
| ബിന്ദി | 980 |

പച്ചക്കറി തൈകൾ 100% സബ്സിഡി നിരക്കിൽ കുടുംബശ്രീ അംഗങ്ങൾക്ക് വിതരണം നടത്തിയതായി വാക്കാൽ അറിയിക്കുകയുണ്ടായി. എന്നാൽ പ്രൊജക്ടിന്റെ തുടർ പ്രവർത്തനങ്ങൾ കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്തതായി കാണുന്നില്ല. പ്രൊജക്ടുകളുടെ ഫലപ്രാപ്തി സംബന്ധിച്ചും മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

പച്ചക്കറികൃഷി പ്രോത്സാഹനം തൈ വിതരണത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നത് പ്രൊജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് എതിരാണ്. ആയതിനാൽ പ്രൊജക്ട് പൂർണ്ണമായി നടപ്പാക്കുന്നതിനാവശ്യമായ തുടർപ്രവർത്തനങ്ങൾ കൂടി നിരീക്ഷിക്കപ്പെടേണ്ടതാണ്.

**3 . വാഴകൃഷിക്ക് രാസവള വിതരണം - അപേക്ഷ പ്രകാരമുള്ള വാഴയുടെ എണ്ണവും പെർമിറ്റ് നൽകിയതും പൊരുത്തപ്പെടുന്നില്ല.**

രാസവളം വാങ്ങിയ ഗുണഭോക്താക്കൾക്ക് ബിൽ തുകയുടെ 50% നിരക്കിൽ സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളിൽ ചിലർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപേക്ഷകളിൽ രേഖപ്പെടുത്തിയ വാഴയുടെ എണ്ണത്തിന് ആനുപാതികമായല്ല വളം വാങ്ങിയിട്ടുള്ളത് എന്നു കാണുന്നു. കൃഷി അസിസ്റ്റന്റിന്റെ ശുപാർശ മിക്ക അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ഗുണഭോക്താവ് | അപേക്ഷ യിൽ വാഴയുടെ എണ്ണം | പെർമിറ്റ് അനുവദിച്ചത് |
|---|---|---|
| സുബ്രഹ്മണ്യൻ,കാരാഞ്ചേരി | 100 | 250 |
| സുദാകരൻ.വി.ജി, പള്ളിക്കൽ | 25 | 50 |
| മുഹമ്മദ്,കൊണ്ടരുതൊടി | 160 | 200 |

അപേക്ഷയിൽ ഗുണഭോക്താവ് രേഖപ്പെടുത്തിയ വിവരങ്ങൾ യഥാവിധി പരിശോധിച്ച് അർഹമായ സബ്സിഡിക്കുള്ള ശുപാർശ മാത്രം രേഖപ്പെടുത്തേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സ്ഥാപനം | വർഷം | | | | |
| ബ്ലോക്ക് വിഹിതം | 2017-18 | 50000 | സമഗ്ര ക്ഷീര വികസനം | 50000 | 0 |
| ബ്ലോക്ക് വിഹിതം | 2017-18 | 400000 | ചക്കുറ്റിക്കാട് റോഡ് ടാറിംങ്ങ് | 400000 | 0 |
| ബ്ലോക്ക് വിഹിതം | 2017-18 | 592860 | വെട്ടിക്കാട്ടിരി മിച്ചഭൂമി റോഡ് ടാറിംങ് | 592860 | 0 |
| ബ്ലോക്ക് വിഹിതം | 2017-18 | 350000 | ചുങ്കോണം കടവത്തൊടി DWS | 350000 | 0 |
| ബ്ലോക്ക് വിഹിതം | 2017-18 | 531543 | നെൽകൃഷി വികസനം | 531543 | 0 |
| | ആകെ-1924403 | | | 1924403 | 0 |
| ജില്ല പഞ്ചായത്ത് വിഹിതം | 2017-18 | 500000 | സ്ട്രീറ്റ് ലൈൻ നീട്ടൽ | 500000 | 0 |
| ജില്ല പഞ്ചായത്ത് വിഹിതം | 2017-18 | 200000 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ | 199933 | 67 |
| ജില്ല പഞ്ചായത്ത് വിഹിതം | 2017-18 | 500000 | മുച്ചക്ര വാഹനം | 470000 | 30000 |
| ജില്ല പഞ്ചായത്ത് വിഹിതം | 2017-18 | 50000 | സമഗ്ര ക്ഷീര വികസനം | 50000 | 0 |
| ജില്ല പഞ്ചായത്ത് വിഹിതം | 2017-18 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 280600 | 19400 |
| ജില്ല പഞ്ചായത്ത് വിഹിതം | 2017-18 | 300000 | പെയിൻ &പാലിയേറ്റീവ് | 252073 | 47927 |
| | ആകെ-1850000 | | | 1752606 | 97394 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ | വൗച്ചർ | പ്രവൃത്തിയുടെ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | നമ്പർ/ ചെക്ക് നം. | പേര് | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | - | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1107055 | - | 1107055 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 701000687 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72615610 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 327680 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1951022 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 200000 | ഭരണസമിതി അംഗങ്ങൾ |
| 3-5 | | 127680 | ശ്രീമതി.ഷീല.ഇ.എസ്, ശ്രീമതി.അജില .യു.എസ് സെക്രട്ടറി |
| ആകെ | | 327680 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 161380 | ശ്രീമതി.സാവിത്രി.സി.എ, ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, ചെറുതുരുത്തി |
| 3-6 | 937752 | ശ്രീമതി.അജില.യു.എസ്, സെക്രട്ടറി |
| 3-9 | 50000 | ശ്രീമതി.അജില.യു.എസ്, സെക്രട്ടറി |
| 3-10 | 500000 | ശ്രീമതി.ഷീല.ഇ.എസ് , സെക്രട്ടറി -500000- |
| 3-13 | 70000 | ശ്രീമതി.വസുമതി,കെ.ബി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-17 | 231890 | ശ്രീ.അജയകുമാർ.പി.കെ,അസി.എഞ്ചിനീയർ |
| | 1951022 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.ഷീല.ഇ.എസ്,<br><br>സെക്രട്ടറി | മരണപ്പെട്ടു | ശ്രീമതി.ഷീല.ഇ.എസ്, വടശ്ശേരി ഹൗസ് എടത്തല, ആലുവ |
| ശ്രീമതി.അജില.യു.എസ്, സെക്രട്ടറി | തിരുമാറാടി ഗ്രാമപഞ്ചായത്ത് | അജില.യു.എസ് അറഫ അയ്യങ്കാട്ടിൽ ലൈൻ ചെമ്പഴന്തി, തിരുവനന്തപുരം .695587 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 69-70 | എൽ.എഫ്.ടി.-16615/73/10/1 | 2 |
| 71-72 | എൽ.എഫ്.ടി.1-2087/74/ 02.07.74 | 5 |
| 73-74 | എൽ.എഫ്.ടി.1- 5829/75/ 23.12.75 | 2 |
| 74-75 | എൽ.എഫ്.ടി.10- 47/87/2/2/87 | 10 |
| 75-76 | എൽ.എഫ്.ടി.4-267/77/ 05.09.77 | 15 |
| 76-77 | എൽ.എഫ്.ടി4- 1954/78/ 04.08.78 | 10 |
| 77-78 | എൽ.എഫ്.ടി.10-1512/81/ 02.12.81 | 10 |
| 78-79 | എൽ.എഫ്.ടി.10-1572/81/ 02.12.81 | 14 |
| 82-83 | എൽ.എഫ്.ടി.എസ്.2-1612/11/ 27.10.11/13.01.12 | 2 |
| 83-84 | | 2 |
| 84-85 | | 1 |
| 85-86 | | 5 |
| 86-87,87-88 | | 10 |
| 88-89,89-90 | | 9 |

| | | |
|---|---|---|
| 90-91 | | 3 |
| 91-92 | | 9 |
| 92-93, 93-94 | | 11 |
| 94-95 | | 19 |
| 95-96 | | 3 |
| 96-97 (ചെലവ്) | എൽ.എഫ്.ടി.12-768/97/ 03.07.99/ 04.11.99 | |
| 96-97 (വരവ്) | എൽ.എഫ്.ടി.10-1084/05/ 03.12.05 | |
| 97-98 (ചെലവ്) | എൽ.എഫ്.ടി.12-1383/99/ 13.03.2000 | |
| 98-99 | എൽ.എഫ്.ടി.12-619/01/ 16.07.01 | |
| 99-2000 (ചെലവ്) | എൽ.എഫ്.ടി.10- 1024/03/ 03-10-03/08-09-04 | |
| 99-2000 (വരവ്) | എൽ.എഫ്.ടി.10- 1935/07/ 08.11.08 | |
| 2000-01 | എൽ.എഫ്.ടി.10-1573/08/ 11.02.04 | |
| 2000-01 (വരവ്-ചെലവ്) | എൽ.എഫ്.ടി.10-1918/07/ 18.11.08 | |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.ടി.10-864/08/ 29.07.09 | |
| 2002-03 | എൽ.എഫ്.ടി.10-865/08/ 29.07.09/ 07.10.09 | |
| 2003-04 | എൽ.എഫ്.ടി.10-2661/08/ 15.09.10 | |
| 2004-05 | എൽ.എഫ്.ടി.10-2662/08/ 15.09.10 | |
| 2005-06 | എൽ.എഫ്.ടി.10-584/10/ 15.09.10 | |
| 2006-07 | എൽ.എഫ്.ടി.10-585/10/ 15.09.10 | |
| 2007-08 | എൽ.എഫ്.ടി.10-1147/10/ 19.03.11 | |
| 2008-09 | എൽ.എഫ്.ടി.10-1165/10 / 22.03.11/ 03.10.11 | |
| 2009-10 & 2010-11 | എൽ.എഫ്.ടി.പി4-2277/12/ 13.02.13 | |
| 2011-12 | എൽ.എഫ്.ടി.പി4-1057/13/ 22.11.13/ 20.12.13 | |
| 2012-13 | എൽ.എഫ്.ടി.പി4-252/14, 22.07.14/4.10.14 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (പി-4)770/15, 12-10-2015/ 21-10-2015 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ (പി-4)1000/16/24-06-2016 | |
| 2015-16 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി4)1893/16/5.11.16 | |
| | നം.കെ.എസ്.എ.ടി.എസ്.ആർ. | |

| | | | |
|---|---|---|---|
| 2016-17 | (പ14)1233/17/7.8.17 | | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തൃശ്ശൂർ

# **അനുബന്ധം 1**

# **ഓഡിറ്റ് സർട്ടിഫിക്കറ്റ്**

നം.കെ.എസ്.എ.ടി.എസ്.ആർ (പി4)711/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in
തിയ്യതി 22.05.2019

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ **വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2017-18** വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിന്റെ 2017-18** വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No.KSA-TSR(P4)711/19

Office of the Joint Director of
Kerala State Audit Department
District Audit Office
Thrissur- 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in
Dated 22.05.2019

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of **Vallathol Nagar Gramapanchayath** in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Vallathol Nagar Grama Panchcyath** for the year **2017-18,** except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur

# <u>അനുബന്ധം 2</u>

# <u>ഓഡിറ്റ് സംക്ഷിപ്തം</u>

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br><br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ